25
2025
സെപ്റ്റംബർ
വ്യാഴം
കന്നി ൯

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 240 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-240 പേജ് 4. വില 2.00 രൂപ




02 പുനർവിവാഹിതരുടെ കുട്ടികൾക്കായി സുരക്ഷാമിത്ര

03 വിഴിഞ്ഞത്ത് വീട്ടിൽ വൻകവർച്ച; 90 പവനും ലക്ഷം രൂപയും നഷ്ടമായി

04 സ്ഥലക്കച്ചവടത്തിന്റെ പേരിൽ തട്ടിപ്പ്; വ്യാജ നോട്ടുകൾ നൽകിയ പ്രതിയെ പിടികൂടി

# ‘ജുഡീഷ്യൽ സിറ്റി’, അംഗീകാരം നൽകി



കൊച്ചി : എറണാകുളം നഗരമധ്യത്തിൽ സ്ഥിതി ചെയ്യുന്ന ഹൈക്കോടതി ഇനി കളമശേരിയിലേക്ക്. ഹൈക്കോടതി ഉൾപ്പെടുന്ന ജുഡീഷ്യൽ സിറ്റി കളമശേരിയിൽ സ്ഥാപിക്കുന്നതിന് മന്ത്രിസഭാ യോഗം ഇന്ന് തത്വത്തിൽ അംഗീകാരം നൽകി. എച്ച്എംടിയുടെ കൈവശമുള്ള 27 ഏക്കർ ഭൂമി ഏറ്റെടുത്ത് ജുഡീഷ്യൽ സിറ്റി സ്ഥാപിക്കാനാണ് തീരുമാനം. പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിക്കാൻ ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തി.

2023ൽ മുഖ്യമന്ത്രിയും ചീഫ് ജസ്റ്റിസും പങ്കെടുത്ത വാർഷികയോഗത്തിന്റെ തീരുമാനപ്രകാരമുള്ള നടപടികളുടെ തുടർച്ചയായാണ് മന്ത്രിസഭാ തീരുമാനം. ഇതിന്റെ ഭാഗമായി നിയമവകുപ്പ് മന്ത്രി പി.രാജീവ്, ഹൈക്കോടതി ജസ്റ്റിസുമാരായ എ.മുഹമ്മദ് മുഷ്താഖ്, ബെച്ചു കുര്യൻ തോമസ്, രാജ വിജയരാഘവൻ, സതീഷ് നൈനാൻ എന്നിവരുടെ നേതൃത്വത്തിൽ കളമശേരിയിലെ സ്ഥലം സന്ദർശിച്ച ശേഷം പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിയിരുന്നു. ഹൈക്കോടതി ഉൾപ്പെടുന്ന ജുഡീഷ്യൽ സിറ്റിയുടെ പ്രാഥമിക രൂപരേഖ പൊതുമരാമത്തു വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. 27 ഏക്കർ ഭൂമിയിലായി 12 ലക്ഷത്തിലധികം ചതുരശ്ര അടി കെട്ടിട സൗകര്യമുൾപ്പെടെ രാജ്യാന്തര തലത്തിലുള്ള ആധുനിക സംവിധാനങ്ങളും സൗകര്യങ്ങളും ഉള്ള ജുഡീഷ്യൽ സിറ്റിയാണ് വിഭാവനം ചെയ്യുന്നത്.

ഭരണഘടനയിലെ പ്രധാന തത്വങ്ങളായ തുല്യതയ്ക്കും സ്വാതന്ത്ര്യത്തിനും ജീവനുമുള്ള മൗലികാവകാശങ്ങൾ ഉറപ്പുവരുത്തുന്ന 14, 19, 21 ആർട്ടിക്കിളുകൾ സങ്കൽപ്പിച്ച് മൂന്ന് ടവറുകളിലായാണ് ജുഡീഷ്യൽ സിറ്റി രൂപകൽപന ചെയ്തിരിക്കുന്നത്. പ്രധാന ടവറിൽ 7 നിലകളും മറ്റു രണ്ടു ടവറുകളിൽ 6 നിലകൾ വീതവും ഉണ്ടാകും. ചീഫ് ജസ്റ്റിസിന്റേതുൾപ്പെടെ 61 കോടതി ഹാളുകൾ, റജിസ്ട്രാർ ഓഫിസ്, ഓഡിറ്റോറിയം, വിവിധ കമ്മിറ്റികൾക്കുള്ള മുറികൾ, ഭരണ വിഭാഗത്തിനുള്ള സൗകര്യങ്ങൾ, ലൈബ്രറി ബ്ലോക്ക്, ആർബിട്രേഷൻ സെന്റർ, റിക്രൂട്ട്മെന്റ് സെൽ, ഐ.ടി വിഭാഗം, ഇൻഫർമേഷൻ സെന്റർ തുടങ്ങി അതിവിപുലമായ സൗകര്യങ്ങൾ ഉണ്ടാകും. ഇതിനു പുറമേ അഡ്വക്കേറ്റ് ജനറൽ ഓഫിസ്, അഭിഭാഷകരുടെ ചേംബറുകൾ, പാർക്കിങ് സൗകര്യം, മഴവെള്ള സംഭരണി എന്നിവയും രൂപകൽപന ചെയ്തിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കലും കെട്ടിട നിർമ്മാണവുമുൾപ്പെടെ 1,000 കോടിയിൽപ്പരം രൂപ ചെലവു കണക്കാക്കുന്ന പദ്ധതിയാണിത്. പ്രാരംഭ നടപടികൾക്കും കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനുമായി ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തി. എല്ലാ വിഭാഗം ജനങ്ങൾക്കുമുള്ള പ്രാപ്യത, യാത്രാസൗകര്യം, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രാധാന്യം എന്നിവ കണക്കിലെടുത്ത് ജുഡീഷ്യൽ സിറ്റിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലം കളമശേരിയാണെന്നു നിയമമന്ത്രി രാജീവും ഹൈക്കോടതി ജഡ്ജിമാരും നടത്തിയ സ്ഥലപരിശോധനക്കു ശേഷം വിലയിരുത്തിയിരുന്നു. നിലവിലുള്ള ഹൈക്കോടതി സ്ഥലപരിമിതി നേരിടുന്ന സാഹചര്യത്തിലാണ് പുതിയ നിർമ്മാണത്തെക്കുറിച്ച് ഹൈക്കോടതിയിൽ നിന്ന് നിർദ്ദേശം ഉയർന്നത്. നിലവിലെ ഹൈക്കോടതി മന്ദിരം വിപുലീകരിക്കാൻ സ്ഥലം ഏറ്റെടുക്കുന്നതിന് പരിമിതികളുണ്ടെന്നും ഈ സാഹചര്യത്തിലാണ് കളമശേരിയിൽ ജുഡീഷ്യൽ സിറ്റി സ്ഥാപിക്കുക എന്ന തീരുമാനത്തിലേക്ക് എത്തിയതെന്നും മന്ത്രി പി.രാജീവ് വ്യക്തമാക്കി.

## ഹുബ്ബള്ളി കൊല്ലം പ്രതിവാര സ്പെഷ്യൽ ട്രെയിൻ 28 മുതൽ

തിരുവനന്തപുരം: ഹുബ്ബള്ളി കൊല്ലം റൂട്ടിൽ പ്രതിവാര എക്സ്പ്രസ് സ്പെഷ്യൽ ട്രെയിൻ (07313) അനുവദിച്ചു.

28 മുതൽ ഡിസംബർ 28 വരെയുള്ള ഞായറാഴ്ചകളിൽ പകൽ 3.15ന് സർവീസ് നടത്തും. തിരികെയുള്ള ട്രെയിൻ (07314) 29 മുതൽ ഡിസംബർ 29 വരെയുള്ള തിങ്കളാഴ്ചകളിലാണ്. വൈകിട്ട് അഞ്ചിന് പുറപ്പെടുന്ന ട്രെയിൻ പിറ്റേന്ന് 5.30ന് എത്തും.

ഒരു എസി ടു ടയർ, രണ്ട് എസി ത്രീ ടയർ, 12 സ്ലീപ്പർ, അഞ്ച് ജനറൽ, രണ്ട് ഭിന്നശേഷി കോച്ചുകൾ എന്നിവയുണ്ടാകും.

പാലക്കാട്, തൃശൂർ, ആലുവ, എറണാകുളം ടൗൺ, കോട്ടയം, ചങ്ങനാശേരി, തിരുവല്ല, ചെങ്ങന്നൂർ, മാവേലിക്കര, കായംകുളം, കരുനാഗപ്പള്ളി, ശാസ്താംകോട്ട എന്നിങ്ങനെയാണ് കേരളത്തിലെ സ്റ്റോപ്പുകൾ. റിസർവേഷൻ 25ന് രാവിലെ എട്ടുമുതൽ ആരംഭിക്കും.

## പലസ്തീന് ഐക്യദാർഢ്യവുമായി സംസ്ഥാന സർക്കാർ; പലസ്തീൻ അംബാസഡർ കേരളത്തിലെത്തും

തിരുവനന്തപുരം: സംസ്ഥാന സർക്കാർ പലസ്തീൻ ഐക്യദാർഢ്യം പ്രഖ്യാപിച്ച് നടത്തുന്ന പരിപാടിയിൽ മുഖ്യാതിഥിയായി പലസ്തീൻ അംബാസഡർ അബ്ദുള്ള എം. അബു ഷാവേസ് പങ്കെടുക്കും.

കേരള മീഡിയ അക്കാദമി സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര മാധ്യമോത്സവത്തിന്റെ ഭാഗമായാണ് പരിപാടി. 29ന് വൈകുന്നേരം 5ന് ടാഗോർ തിയറ്ററിലാണ് പരിപാടി. മീഡിയ അക്കാദമിയാണ് പരിപാടിയുടെ സംഘാടകർ.

പരിപാടിയിൽ ഔദ്യോഗിക സഹകരണം ഉറപ്പാക്കി വ്യക്തമായ രാഷ്ട്രീയസന്ദേശം മുന്നോട്ടുവയ്ക്കുകയാണ് സംസ്ഥാന സർക്കാർ. കേരളത്തിലെത്തുന്ന പലസ്തീൻ അംബാസഡർ മുഖ്യമന്ത്രി പിണറായി വിജയനുമായി കൂടിക്കാഴ്ച നടത്തും.

ഇസ്രയേൽ ആക്രമണത്തിൽ കൊല്ലപ്പെട്ട 284 മാധ്യമപ്രവർത്തകർക്കുള്ള സ്മരണാഞ്ജലിയും മാധ്യമോത്സവത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രതിപക്ഷ നേതാവ് വി.ഡി. സതീശനെയും ഐക്യദാർഢ്യ സദസ്സിലേക്ക് ക്ഷണിക്കും.

## 38 ദിവസങ്ങൾക്കുശേഷം രാഹുൽ മാങ്കൂട്ടത്തിൽ പാലക്കാട്ടെത്തി; പ്രതിഷേധത്തിന് ബിജെപിയും ഡിവൈഎഫ്ഐയും

പാലക്കാട്: നീണ്ട 38 ദിവസങ്ങൾക്കു ശേഷം 39-ാം നാൾ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ പാലക്കാടെത്തി. കോൺഗ്രസ് മണ്ഡലം പ്രസിഡൻറായിരുന്ന സേവ്യറിൻറെ സഹോദരൻ മരിച്ചിരുന്നു. അവരെ കാണാനാണ് രാഹുൽ പാലക്കാട് എത്തിയത്.

രാവിലെ മരണവീട്ടിലെ സന്ദർശനത്തിനു ശേഷം സമീപത്തെ കടകളിലും മറ്റുമെത്തി എല്ലാവരേയും കണ്ട് പരിചയം പുതുക്കി. ഹസ്തദാനം ചെയ്തും കെട്ടിപ്പിടിച്ചും രാഹുൽ സജീവമായി. മാധ്യമപ്രവർത്തകർ ചോദ്യങ്ങളുമായി എത്തിയപ്പോൾ ഞാൻ മാധ്യമങ്ങളെ സ്ഥിരമായി കാണാറുണ്ടല്ലോ എന്നായിരുന്നു രാഹുലിൻറെ മറുപടി.

ഒരു മാസത്തെ ഇടവേളയ്ക്ക് ശേഷം മണ്ഡലത്തിൽ വീണ്ടും സജീവമാകാൻ ഒരുങ്ങുകയാണ് രാഹുൽ മാങ്കൂട്ടത്തിൽ. ലൈംഗിക ആരോപണങ്ങളെ തുടർന്ന് കോൺഗ്രസിൻറെ പ്രാഥമിക അംഗത്വത്തിൽ നിന്ന് രാഹുലിനെ സസ്പെൻഡ് ചെയ്തിരുന്നു. വിവാദങ്ങൾ രൂക്ഷമായതോടെ രാഹുൽ പാലക്കാട് മണ്ഡലത്തിലേക്ക് വന്നിരുന്നില്ല. ഓഗസ്റ്റ് 17 നാണ് രാഹുൽ പാലക്കാട് നിന്നും പോയത്. 20 നാണ് രാഹുൽ മാങ്കൂട്ടത്തിലിനെതിരായ ആരോപണം പുറത്ത് വന്നത്.

അതേസമയം, എംഎൽഎ ഓഫീസിലേക്ക് പ്രതിഷേധ മാർച്ചിന് സാധ്യതയുള്ളതിനാൽ രാഹുലിൻറെ ഓഫീസിന് പോലീസ് സുരക്ഷ വർധിപ്പിച്ചു. രാഹുലിനെ എംഎൽഎ ഓഫീസിൽ പ്രവേശിക്കാൻ അനുവദിക്കില്ലെന്നും പൊതുപരിപാടിയിൽ പങ്കെടുത്താൽ തടയുമെന്നും ബിജെപി നേതൃത്വം വ്യക്തമാക്കി. കോൺഗ്രസിൻറെ അനുവാദത്തോടെയാണ് രാഹുൽ പാലക്കാട് മണ്ഡലത്തിലേക്ക് എത്തിയിരിക്കുന്നതെന്നും പ്രതിഷേധിക്കുമെന്നും ഡിവൈഎഫ്ഐ പറഞ്ഞു.

ജനകീയ പ്രതിഷേധമാണ് ഡിവൈഎഫ്ഐ നടത്തുകയെന്നും പാലക്കാട്ടെ നേതാക്കൾ പറഞ്ഞു.

## തിരുവനന്തപുരം മെഡിക്കൽ കോളജിന് ഇനി പുതിയ സൂപ്രണ്ട്

തിരുവനന്തപുരം: തിരുവനന്തപുരം മെഡിക്കൽ കോളജിന് ഇനി പുതിയ സൂപ്രണ്ട്. ഡോ. സി.ജി. ജയചന്ദ്രന് സൂപ്രണ്ടായി ചുമതല നൽകി ഉത്തരവിട്ടു. നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളജിലെ അനസ്തേഷ്യോളജി വിഭാഗം അസോ. പ്രഫസറാണ് ജയചന്ദ്രൻ.

മെഡിക്കൽ കോളജിൽ ഉപകരണക്ഷാമത്തെ തുടർന്ന് ശസ്ത്രക്രിയകൾ മുടങ്ങുന്നുവെന്ന പരാതികൾക്കിടെയാണ് മാറ്റം. മുൻ സൂപ്രണ്ട് ഡോ. സുനിൽകുമാർ നേരത്തെ രാജി സന്നദ്ധത അറിയിച്ചിരുന്നു. തുടർച്ചയായ വിവാദങ്ങൾക്കിടെ സ്ഥാനത്തുനിന്ന് മാറ്റണമെന്നാവശ്യപ്പെട്ട് സുനിൽ കുമാർ കത്ത് നൽകിയിരുന്നു. ചികിത്സാ ഉപകരണങ്ങൾക്ക് ക്ഷാമമുണ്ടെന്ന് വെളിപ്പെടുത്തിയ ഡോ. ഹാരിസിനെതിരെ മുൻ സൂപ്രണ്ടും പ്രിൻസിപ്പലും നടത്തിയ വാർത്താ സമ്മേളനം വലിയ വിവാദമായിരുന്നു.

## വ്യോമാതിർത്തി ലംഘിക്കുന്ന റഷ്യൻ വിമാനങ്ങളെ വെടിവച്ചു വീഴ്ത്തണം: ട്രംപ്

ന്യൂയോർക്ക്: നാറ്റോ രാജ്യങ്ങൾ തങ്ങളുടെ വ്യോമാതിർത്തി ലംഘിച്ച് കടന്നു വരുന്ന റഷ്യൻ വിമാനങ്ങളെ വെടിവച്ചു വീഴ്ത്തണമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് പറഞ്ഞു. യുഎൻ ഉച്ചകോടിക്കിടെ യുക്രേനിയൻ പ്രസിഡൻറ് വ്ളോഡിമിർ സെലൻസ്കിയെ കണ്ടപ്പോഴാണ് ഇക്കാര്യം പറഞ്ഞത്.

യൂറോപ്പിലെ വാഷിംഗ്ടണിൻറെ നാറ്റോ സഖ്യകക്ഷികളെ അലോസരപ്പെടുത്തിയ റഷ്യൻ യുദ്ധവിമാനങ്ങളുടെയും ഡ്രോണുകളുടെയും സമീപകാല കടന്നുകയറ്റങ്ങൾക്ക് ശേഷമാണ് ട്രംപ് അഭിപ്രായ പ്രകടനം നടത്തിയത്. അടുത്തിടെയുണ്ടായ വ്യോമാക്രമണങ്ങളുടെ പശ്ചാത്തലത്തിൽ യുക്രെയ്നിനെച്ചൊല്ലി റഷ്യയും യൂറോപ്പും തമ്മിലുള്ള സംഘർഷം വർധിച്ചിരിക്കുകയാണ്. കഴിഞ്ഞ വെള്ളിയാഴ്ച മൂന്ന് റഷ്യൻ മിഗ്-31 യുദ്ധവിമാനങ്ങൾ എസ്തോണിയൻ വ്യോമാതിർത്തിയിൽ ഏകദേശം 12 മിനിറ്റ് അതിക്രമിച്ചു കയറിയതിനെത്തുടർന്ന് നാറ്റോ ജെറ്റുകൾ പറന്നുയർന്നിരുന്നു. ഇത് യുഎൻ സുരക്ഷാ കൗൺസിൽ യോഗത്തിലും നാറ്റോ സഖ്യകക്ഷികളുമായി ചർച്ചയ്ക്കും എസ്തോണിയയെ പ്രേരിപ്പിച്ചു.

## ലഡാക്കിന് സംസ്ഥാന പദവി വേണമെന്ന് ആവശ്യം; ലേയിൽ വൻ ജനകീയ പ്രതിഷേധം



ശ്രീനഗർ: കേന്ദ്രഭരണ പ്രദേശമായ ലഡാക്കിന് സംസ്ഥാന പദവി വേണമെന്ന് ആവശ്യപ്പെട്ട് വൻ ജനകീയ പ്രതിഷേധം. പ്രധാന നഗരമായ ലേയിൽ ജനം തെരുവിലിറങ്ങി.

പ്രതിഷേധം അക്രമാസക്തമാവുകയും നിരവധി പേർക്ക് പരിക്കേറ്റതായുമാണ് വിവരം. ഇതിനിടെ നിരാഹാര സമരം നടത്തുകയായിരുന്ന സമര നേതാവ് സോനം വാംഗ്ചുക് സംഘർഷത്തെ തുടർന്ന് സമരത്തിൽ നിന്ന് പിന്മാറി.

പോലീസിന് നേരെ കല്ലെറിഞ്ഞ പ്രതിഷേധക്കാർ, പോലീസ് വാൻ അഗ്നിക്കിരയാക്കി. സംസ്ഥാനത്ത് നേരത്തെ ആരംഭിച്ച സംസ്ഥാന പദവി ആവശ്യപ്പെട്ടുള്ള പ്രതിഷേധം ആദ്യമായാണ് അക്രമാസക്തമാകുന്നത്. നിരാഹാര സമരവുമായി മുന്നോട്ട് പോയ പ്രതിഷേധക്കാർ, പണിമുടക്കിനും ആഹ്വാനം ചെയ്ത ശേഷമാണ് അക്രമാസക്തമായ സമരത്തിലേക്ക് കടന്നത്.

ഇന്ന് ലേ നഗരത്തിലെ ബിജെപി ഓഫീസ് പ്രതിഷേധക്കാർ ആക്രമിച്ചു. ഓഫീസിന് തീവെച്ച സമരക്കാർ പൊലീസിനെതിരെയും ആക്രമണം നടത്തിയതോടെ പോലീസ് കണ്ണീർ വാതകം പ്രയോഗിച്ചു. ലാത്തിച്ചാർജും നടത്തി.

സമരക്കാരും സർക്കാരും വിഷയം ചർച്ച ചെയ്യാനിരിക്കെയാണ് ഇന്ന് പ്രതിഷേധം അക്രമാസക്തമായത്. കേന്ദ്ര സർക്കാരും സമരക്കാരുമായി ഒക്ടോബർ ആറിനാണ് ചർച്ച നിശ്ചയിച്ചിരിക്കുന്നത്.



# സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് സുവർണ്ണജൂബിലി: അന്താരാഷ്ട്ര പരിസ്ഥിതി കോൺക്ലേവ് സെപ്റ്റംബർ 26 മുതൽ

## പരിസ്ഥിതി സംരക്ഷണത്തിലും മലിനീകരണ നിയന്ത്രണത്തിലും നേട്ടങ്ങൾ കൈവരിച്ച സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ വിതരണം ചെയ്യും

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 'AURA 2K25 - 50 Years of Environmental Stewardship' എന്ന പേരിൽ അന്താരാഷ്ട്ര പരിസ്ഥിതി കോൺക്ലേവ് എറണാകുളം ജില്ലയിലെ കറുകുറ്റി, അഡ്ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ & എക്സിബിഷൻ സെന്ററിൽ വെച്ച് സെപ്റ്റംബർ 26, 27 തീയതികളിലായി നടത്തും. പ്രസ്തുത ചടങ്ങിന്റെ ഔപചാരികമായ ഉദ്ഘാടനം സെപ്റ്റംബർ 27-ന് ഉച്ചയ്ക്ക് 12 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. നിയമം-വ്യവസായം-കയർ വകുപ്പ് മന്ത്രി പി. രാജീവ് അദ്ധ്യക്ഷത വഹിക്കും. തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ്, ആരോഗ്യ-വനിത-ശിശു ക്ഷേമ വകുപ്പ് മന്ത്രി വീണാ ജോർജ്, ബെന്നി ബെഹനാൻ എം.പി., ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് തുടങ്ങിയവർ സന്നിഹിതരാകും. വിവിധ മേഖലകളിൽ പരിസ്ഥിതി സംരക്ഷണത്തിലും മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച സ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ ചടങ്ങിൽ വിതരണം ചെയ്യും.

വ്യവസായ സ്ഥാപനങ്ങൾ സ്റ്റോൺ ക്രഷർ യൂണിറ്റുകൾ, ഡയറി ഇൻഡസ്ട്രീസ്, പ്രിന്റ് & ദൃശ്യ മാധ്യമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റുള്ള സ്ഥാപനങ്ങൾ, വേസ്റ്റ് മാനേജ്മെന്റ് സംവിധാനങ്ങൾ (റീസൈക്ലിംഗ് യൂണിറ്റുകൾ, ഓർഗാനിക് വേസ്റ്റ് ട്രീറ്റ്മെന്റ് യൂണിറ്റുകൾ, റെൻഡറിംഗ് യൂണിറ്റുകൾ), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും), സർക്കാർ/സ്വകാര്യ ഹെൽത്ത് കെയർ സ്ഥാപനങ്ങൾ (കിടക്കകൾ - 100-250, 250-500, 500-1000, 1000-ൽ അധികം), എയർപോർട്ടുകൾ, സീ പോർട്ടുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിങ്ങനെ വിവിധ മേഖലകളിൽ നിന്നുള്ള സ്ഥാപനങ്ങൾക്കാണ് അവാർഡുകൾ വിതരണം ചെയ്യുന്നത്.

ജല-വായു മലിനീകരണ നിയന്ത്രണത്തിൽ കഴിഞ്ഞ വർഷം കൈവരിച്ച നേട്ടങ്ങൾ, ഊർജ്ജ സംരക്ഷണത്തിനും ജലസംരക്ഷണത്തിനും നടപ്പിലാക്കിയ പദ്ധതികൾ, പരിസ്ഥിതി സംരക്ഷണത്തിൽ കൈവരിച്ച നേട്ടങ്ങൾ, സാമൂഹ്യ പ്രതിബദ്ധതയോടെ നടപ്പിലാക്കിയ പൊതുജനോപകാരപ്രദമായ പദ്ധതികൾ തുടങ്ങിയവയാണ് അവാർഡ് നിർണയത്തിൽ പരിഗണിച്ച വിഷയങ്ങൾ. ഈ വർഷത്തെ അവാർഡ് ജേതാക്കൾ താഴെ പറയുന്നവരാണ്.

ആശുപത്രികൾ

സർക്കാർ ആശുപത്രികൾ (100 250 കിടക്കകൾ ഉള്ളവ)

ഒന്നാം സ്ഥാനം - ജനറൽ ആശുപത്രി, തൃശൂർ.

ഒന്നാം സ്ഥാനം - താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻ ബത്തേരി, വയനാട്

സർക്കാർ ആശുപത്രികൾ (250 500 കിടക്കകൾ ഉള്ളവ)

ഒന്നാം സ്ഥാനം - മലബാർ ക്യാൻസർ സെന്റർ (പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആൻഡ് റിസർച്ച്), മൂഴിക്കര പി.ഒ., തലശ്ശേരി, കണ്ണൂർ

രണ്ടാം സ്ഥാനം - ജില്ലാ സഹകരണ ആശുപത്രി, കോഴിക്കോട്

സ്വകാര്യ ആശുപത്രികൾ (100250 കിടക്കകൾ ഉള്ളവ)

ഒന്നാം സ്ഥാനം - കാരിത്താസ് മാത ആശുപത്രി പ്രൈവറ്റ് ലിമിറ്റഡ്, തെള്ളകം പി.ഒ., കോട്ടയം രണ്ടാം സ്ഥാനം - മേരി ക്വീൻസ് മിഷൻ ആശുപത്രി, കാഞ്ഞിരപ്പള്ളി, കോട്ടയം.

മൂന്നാം സ്ഥാനം - കിംസ് ഹെൽത്ത്കെയർ മാനേജ്മെന്റ് ലിമിറ്റഡ്, കിംസ് ഈസ്റ്റ് പി.ഒ., തിരുവനന്തപുരം

സ്വകാര്യ ആശുപത്രികൾ ( 250500 കിടക്കകൾ ഉള്ളവ)

ഒന്നാം സ്ഥാനം - പി.ആർ.എസ് ആശുപത്രി പ്രൈവറ്റ് ലിമിറ്റഡ്, കിള്ളിപ്പാലം

രണ്ടാം സ്ഥാനം - ബേബി മെമ്മോറിയൽ ആശുപത്രി ലിമിറ്റഡ്, ഐ.ജി. റോഡ്, കോഴിക്കോട് - മൂന്നാം സ്ഥാനം - സെന്റ് ജെയിംസ് ആശുപത്രി, ചാലക്കുടി, തൃശൂർ

സ്വകാര്യ ആശുപത്രികൾ (5001000 കിടക്കകൾ ഉള്ളവ)

ഒന്നാം സ്ഥാനം - രാജഗിരി ഹെൽത്ത് കെയർ ആൻഡ് എഡ്യുക്കേഷൻ ട്രസ്റ്റ്, രാജഗിരി ആശുപത്രി, ചുണങ്ങംവേലി, ആലുവ, എറണാകുളം.

രണ്ടാം സ്ഥാനം - കാരിത്താസ് ആശുപത്രി, തെള്ളക്കം, കോട്ടയം, കേരളം.

മൂന്നാം സ്ഥാനം - മാർ സ്ലീവ മെഡിസിറ്റി പാലാ, ചേർപ്പുങ്കൽ, കെഴുവംകുളം. പി.ഒ., കേരളം, ഇന്ത്യ.

സ്വകാര്യ ആശുപത്രികൾ (1000ഉം അതിന് മുകളിലും)

എക്സലൻസ് - അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ (AIMS), പൊന്നേക്കര പി.ഒ., കൊച്ചി.

ഡയറി ഇൻഡസ്ട്രീസ്

ഒന്നാം സ്ഥാനം - എം.ആർ.സി.എം.പി.യു. ലിമിറ്റഡ് (മിൽമ), കാസർകോട് ഡയറി, ആനന്ദാശ്രമം പി.ഒ., കാഞ്ഞങ്ങാട്.

രണ്ടാം സ്ഥാനം - എളനാട് മിൽക്ക് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ

സ്റ്റോൺ ക്രഷർ

ഒന്നാം സ്ഥാനം - ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ലിമിറ്റഡ് (നം. 10957), സ്റ്റോൺ ക്രഷർ യൂണിറ്റ്, പുതിയനിടം, കൊടിയത്തൂർ വില്ലേജ്, തോട്ടുമുക്കം പി.ഒ., കോഴിക്കോട്.

രണ്ടാം സ്ഥാനം - പാറയ്ക്കൽ ഗ്രാനൈറ്റ് കേരള (പി) ലിമിറ്റഡ്, 9/270, കളമ്പൂർ, ഏനാനല്ലൂർ, മൂവാറ്റുപുഴ, എറണാകുളം.

പ്രിന്റ് & ദൃശ്യ മാധ്യമങ്ങൾ

ഒന്നാം സ്ഥാനം - മലയാള മനോരമ കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, തോട്ടട പി.ഒ., കണ്ണൂർ-670007

രണ്ടാം സ്ഥാനം - മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, നടാൽ ബൈപ്പാസ്, ഏടക്കാട് പി.ഒ., കണ്ണൂർ.

എയർപോർട്ടുകൾ (വിമാനത്താവളങ്ങൾ)

ഒന്നാം സ്ഥാനം - തിരുവനന്തപുരം TRV(KERALA) ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഠക, തിരുവനന്തപുരം.

രണ്ടാം സ്ഥാനം - കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, കൊച്ചി, എയർപോർട്ട് പി.ഒ., നെടുമ്പാശ്ശേരി, എറണാകുളം.

സീ പോർട്ടുകൾ (തുറമുഖങ്ങൾ)

എക്സലൻസ് - അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (AVPPL) 01, പോർട്ട് ഓപ്പറേഷൻ ബിൽഡിംഗ്, മുള്ളൂർ റോഡ്, മുള്ളൂർ, തിരുവനന്തപുരം.

മറ്റു സ്ഥാപനങ്ങൾ

ഒന്നാം സ്ഥാനം - അമൃത വിശ്വ വിദ്യാപീഠം, അമൃതപുരി ക്യാമ്പസ്, ക്ലപ്പാന പി.ഒ., കൊല്ലം

രണ്ടാം സ്ഥാനം - ലുലു മാൾ കോട്ടയം (വാണിജ്യ സമുച്ചയം, കോട്ടയം), എം.സി റോഡ്, നിപ്പോൺ ടൊയോട്ടയ്ക്കെതിർവശം, നാട്ടകം, കോട്ടയം

രണ്ടാം സ്ഥാനം - വണ്ടർലാ ഹോളിഡേസ് ലിമിറ്റഡ്, കുമാരപുരം പി.ഒ., പള്ളിക്കര, കൊച്ചി-മൂന്നാം സ്ഥാനം - ലുലു ഫ്ലൈറ്റ് കിച്ചൻ (പ്രൈവറ്റ്) ലിമിറ്റഡ്, ഇകടഎ ഓഫീസിന് സമീപം, വി.ഐ.പി റോഡ്, നെടുമ്പാശ്ശേരി, എറണാകുളം.

വേസ്റ്റ് മാനേജ്മെന്റ് ഫെസിലിറ്റി

(ശ) റീസൈക്ലിംഗ് യൂണിറ്റ്

ഒന്നാം സ്ഥാനം - ഗ്രീൻ വോംസ് വെയ്സ്റ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ്, ഗടകളഇ പ്ലോട്ട് നം. അകകആ, വലിയവെളിച്ചം റോഡ്, വലിയവെളിച്ചം, മാനേന്തേരി, കണ്ണൂർ.

രണ്ടാം സ്ഥാനം - എസ്.എസ്. സ്ക്രാപ്പ്, വിതുര, തിരുവനന്തപുരം.

മൂന്നാം സ്ഥാനം - ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, ഗ്രീൻപാർക്ക്, ഇന്റഗ്രേറ്റഡ് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ഫെസിലിറ്റി, ഗകചഎഞ്ഞഅ പാർക്ക്, കുന്നന്താനം, മല്ലപ്പള്ളി, പത്തനംതിട്ട.

മൂന്നാം സ്ഥാനം - സഹ്യാ സൊല്യൂഷൻസ് ഗ്രൂപ്പ് ഓഫ് വെയ്സ്റ്റ് മാനേജ്മെന്റ്, 3/310 ബദയിൽ എസ്റ്റേറ്റ്, മേലോരം പി.ഒ., പെരുവന്താനം, ഇടുക്കി.

(ii) ഓർഗാനിക് വേസ്റ്റ് ട്രീറ്റ്മെന്റ് യൂണിറ്റ്

എക്സലൻസ് - ഫാബ്കോ ബയോസൈക്കിൾ ആന്റ് ബയോപ്രോട്ടീൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചിൻ കോർപ്പറേഷൻ ലാൻഡ്, ബ്രഹ്മപുരം, എറണാകുളം.

(ശശശ) ചിക്കൻ വേസ്റ്റ് റെന്ററിംഗ് യൂണിറ്റ്

എക്സലൻസ് - പാറയ്ക്കൽ ഇൻഡസ്ട്രീസ്, ഐ.ഡി.എ, ഇടയാർ.

ചെറുകിട വ്യവസായങ്ങൾ

ഒന്നാം സ്ഥാനം - അന്നാ പോളിമേഴ്സ്-18, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, കൊല്ലക്കടവ്, കള്ളിമേൽ, മാവേലിക്കര.

രണ്ടാം സ്ഥാനം - അന്ന പിഗ് ഫാം, ഇണ്ടെണ്ണൂർ, ഒറ്റശേഖരമംഗലം, ഒറ്റശേഖരമംഗലം പി.ഒ., തിരുവനന്തപുരം.

മൂന്നാം സ്ഥാനം - സൊണാറ്റ ഫുഡ്സ് ആന്റ് ക്രീംസ്, 16/93, കുറിച്ചിക്കര പി.ഒ., പൊങ്ങണംകാട്, തൃശൂർ

ഇടത്തരം വ്യവസായങ്ങൾ

ഒന്നാം സ്ഥാനം - പാം ഫൈബർ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, യൂണിറ്റ്-2, ആലപ്പുഴ

രണ്ടാം സ്ഥാനം - കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KEIL), അമ്പലംമേട്

മൂന്നാം സ്ഥാനം - അക്കൈ നാച്ചുറൽ ഇൻഗ്രിഡിയന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, അംബുനാട്, മലയിടംതുരുത്ത് പി.ഒ., ആലുവ, എറണാകുളം.

മൂന്നാം സ്ഥാനം - എക്സ്ട്രാവീവ് പ്രൈവറ്റ് ലിമിറ്റഡ്, യൂണിറ്റ്-1, ശക്തീശ്വരം, ചേർത്തല, ആലപ്പുഴ.

വലിയതോതിലുള്ള വ്യവസായങ്ങൾ

ഒന്നാം സ്ഥാനം - പ്ലാന്റ് ലിപിഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, കടയിരുപ്പ് പി.ഒ., കോലഞ്ചേരി, എറണാകുളം.

ഒന്നാം സ്ഥാനം - സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, അഗ്രോ പ്രോസസ്സിംഗ് ക്ലസ്റ്റർ, സിൻതൈറ്റ് ടേസ്റ്റ് പാർക്ക്, പാങ്ങോട് പി.ഒ., വടവുകോട് (വഴി), പുത്തൻക്രൂസ്, എറണാകുളം.

രണ്ടാം സ്ഥാനം - എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡ് (ഇന്ത്യാ ഗവൺമെന്റ് എന്റർപ്രൈസ്), പേരൂർക്കട ഫാക്ടറി, പേരൂർക്കട, തിരുവനന്തപുരം

മൂന്നാം സ്ഥാനം - കാർബൊറണ്ടം യൂണിവേഴ്സൽ ലിമിറ്റഡ്, ഇലക്ട്രോമിനറൽ ഡിവിഷൻ, കളമശ്ശേരി, കൊച്ചി.

വളരെ വലിയതോതിലുള്ള വ്യവസായങ്ങൾ

ഒന്നാം സ്ഥാനം - സെയിന്റ്- ഗോബെയിൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പി.ബി. നം. 1., കഞ്ചിക്കോട് വെസ്റ്റ്, പാലക്കാട്.

രണ്ടാം സ്ഥാനം - പെട്രോനെറ്റ് LNG ലിമിറ്റഡ്, സർവേ നമ്പർ 347, പുതുവൈപ്പ് പി.ഒ., എറണാകുളം

മൂന്നാം സ്ഥാനം - ഫെർട്ടിലൈസേഴ്സ് ആന്റ് കെമിക്കൽസ് ട്രാവൻകൂർ ലിമിറ്റഡ് (FACT), കൊച്ചി ഡിവിഷൻ, അമ്പലമേട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

Platinum മട്ടന്നൂർ മുനിസിപ്പാലിറ്റി, കണ്ണൂർ

Platinum ആന്തൂർ മുനിസിപ്പാലിറ്റി, കണ്ണൂർ

Platinum ഗുരുവായൂർ മുനിസിപ്പാലിറ്റി, ഗുരുവായൂർ, തൃശൂർ

Gold ഷൊർണൂർ മുനിസിപ്പാലിറ്റി, ഷൊർണൂർ, പി.ബി നമ്പർ 10, പാലക്കാട്

Gold കൂത്തുപറമ്പ് മുനിസിപ്പാലിറ്റി, കൂത്തുപറമ്പ് പി.ഒ., കണ്ണൂർ.

Silver വടകര മുനിസിപ്പാലിറ്റി, താഴത്തങ്ങാടി, വടകര, കോഴിക്കോട്

Silver പട്ടാമ്പി മുനിസിപ്പാലിറ്റി, പട്ടാമ്പി, പാലക്കാട്

Silver - ഏലൂർ മുനിസിപ്പാലിറ്റി, എറണാകുളം.

ഹോട്ടലുകൾ, റിസോർട്ടുകൾ

ഒന്നാം സ്ഥാനം - ബാണാസുരസാഗർ ഹോട്ടൽസ് ആന്റ് റിസോർട്ട്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (താജ് വയനാട് റിസോർട്ട് ആന്റ് സ്പാ), മഞ്ജൂര, താരിയോട് നോർത്ത്, പടിഞ്ഞാറേത്തറ, വയനാട്.

രണ്ടാം സ്ഥാനം - സ്പൈസ് വില്ലേജ്, തേക്കടി, കുമിളി റോഡ്, തേക്കടി.

മൂന്നാം സ്ഥാനം - ഹയാത്ത് റീജൻസി, തിരുവനന്തപുരം (C/o ലുലു ഹോസ്പിറ്റാലിറ്റി പ്രൈവറ്റ് ലിമിറ്റഡ്), സിറ്റി പോലീസ് കമ്മിഷണറുടെ ഓഫീസിന് എതിർവശം, തൈക്കാട്, തിരുവനന്തപുരം.

ഹരിത വിദ്യാലയം

മാലിന്യം കൈകാര്യം ചെയ്യുന്നതിൽ മികച്ച നേട്ടം കൈവരിച്ചിട്ടുള്ള സർക്കാർ എയ്ഡഡ് സ്കൂളുകൾക്ക് ഹരിത വിദ്യാലയ പുരസ്കാരങ്ങൾ ബോർഡ് നൽകി വരുന്നു. ഹരിത വിദ്യാലയ പുരസ്കാര ജേതാക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഒന്നാം സ്ഥാനം - ജി.എസ്.എൽ.പി.എസ്. അഷ്ടമിച്ചിറ, മാള, തൃശൂർ.

രണ്ടാം സ്ഥാനം - ഗവൺമെന്റ് മോഡൽ ഹയർ സെക്കൻഡറി സ്കൂൾ, വർക്കല.

മൂന്നാം സ്ഥാനം - മായനാട് എ.യു.പി.എസ്., കോഴിക്കോട്.

സുസ്തിര വികസനം സാധ്യമാക്കുന്നതിനും, പാരിസ്ഥിതിക അവബോധം വളർത്തുന്നതിനും ഊന്നൽ നൽകിക്കൊണ്ട് 50-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ബോർഡ് സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾ സംസ്ഥാനത്തിന്റെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിന് പ്രചോദനമേകുമെന്ന് പ്രതീക്ഷിക്കുന്നു.

# പുനർവിവാഹിതരുടെ കുട്ടികൾക്കായി സുരക്ഷാമിത്ര

പുനർവിവാഹിതരായ മാതാപിതാക്കളുടെ കുട്ടികൾക്കായി സ്കൂളുകളിൽ സംരക്ഷണം ഒരുക്കി പൊതുവിദ്യാഭ്യാസ വകുപ്പ്. പുനർവിവാഹിതരായ മാതാപിതാക്കളുള്ള വീടുകളിൽ ആദ്യ വിവാഹത്തിലെ കുട്ടികൾക്ക് ആവശ്യമായ പരിഗണയും കരുതലും ലഭിക്കാത്ത സാഹചര്യങ്ങളുണ്ട്. ഇത്തരം അവഗണനകൾ കുട്ടികളുടെ പഠനത്തിനെയും മാനസിക വളർച്ചയെയും ബാധിക്കുന്നത് ഒഴിവാക്കുന്നതിനാണ് പൊതുവിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുന്നത്. അതോടൊപ്പം ഇത്തരം കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും തടയാനും സംരക്ഷണം ഒരുക്കാനും സുരക്ഷാമിത്രയിലൂടെ സാധ്യമാക്കും.

സുരക്ഷാമിത്ര പദ്ധതിയുടെ ഭാഗമായി മാതാപിതാക്കൾ പുനർ വിവാഹിതരായ കുട്ടികളുടെ പട്ടിക സ്കൂളുകളിൽ തയാറാക്കും. ഈ വിദ്യാർത്ഥികളുടെ വീടുകൾ മാസത്തിലൊരിക്കൽ ഉദ്യോഗസ്ഥർ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കും. ഇതിനായി അധ്യാപകർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, സൗഹൃദ ക്ലബ്ബുകൾ എന്നിവയുടെ സേവനം ഉപയോഗിക്കും. കുട്ടികൾ മാനസിക സമ്മർദ്ദം, അതിക്രമം, അവഗണന എന്നിവ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം സ്കൂളിലെ പ്രിൻസിപ്പൽ അല്ലെങ്കിൽ ഹെഡ്മാസ്റ്ററിനെ അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കും.

സുരക്ഷാമിത്രയുടെ ഭാഗമായി കുട്ടികൾക്ക് നേരിട്ടും പരാതി സമർപ്പിക്കാം. ഇതിനായി എല്ലാ സ്കൂളുകളിലും പരാതിപ്പെട്ടികളും സ്ഥാപിക്കുന്നുണ്ട്. ഫ്ലാറ്റുകളിലും ഒറ്റപ്പെട്ട വീടുകളിലുമുള്ള കുട്ടികൾ, ഒറ്റ മാതാപിതാക്കൾ മാത്രമുള്ള കുട്ടികൾ, ജോലിക്കാരായ മാതാപിതാക്കളുള്ള കുട്ടികൾ എന്നിവരുടെ സംരക്ഷണവും സുരക്ഷാമിത്ര പദ്ധതിയിൽ ഉറപ്പാക്കും. സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും ഉണ്ടാവുന്ന ദുരനുഭവങ്ങളും, ബന്ധുക്കളിൽ നിന്നുള്ള ഉപദ്രവങ്ങൾ തുടങ്ങിയ കാര്യങ്ങളും കുട്ടികൾക്ക് സുരക്ഷാമിത്രയിലൂടെ അറിയിക്കാം. കുട്ടികളുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കും.

പൊലീസ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, എക്സൈസ് എന്നിവരുടെ സേവനം ആവശ്യമായ തുടർനടപടികൾക്കായി പ്രയോജനപ്പെടുത്തും. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രതിമാസ മീറ്റിങ്ങിൽ ഇത് സംബന്ധിച്ച അവലോകനം നടത്തും. ജില്ലയിൽ ലഭിച്ച പരാതികൾ, തീർപ്പാക്കിയവ എന്നിവ രേഖപ്പെടുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകണം. മൂന്ന് മാസത്തിലൊരിക്കൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സുരക്ഷാമിത്ര പദ്ധതി സംബന്ധിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കും.

കുട്ടികളുടെ സ്വഭാവ വ്യതിയാനങ്ങൾ, അവരുടെ മാനസിക - ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും, പോക്സോ ഉൾപ്പടെയുള്ള നിയമങ്ങൾ മനസിലാക്കുന്നതിനും സുരക്ഷാമിത്ര പദ്ധതിയുടെ ഭാഗമായി 200 അധ്യാപകർക്ക് മാസ്റ്റർ ട്രെയിനിംഗ് നൽകി കഴിഞ്ഞു. മാസ്റ്റർ പരിശീലനം നേടിയ അധ്യാപകരെ ഉപയോഗപ്പെടുത്തി അടുത്തഘട്ടമായി ഒക്ടോബറിൽ നടത്തുന്ന ജില്ലാതല പരിശീലനത്തിൽ 4200 അധ്യാപകർക്ക് പരിശീലനം നൽകും. തുടർന്ന് ഹൈസ്കൂൾ, ഹയർ സെക്കണ്ടറിയിലെ എൺപതിനായിരം അധ്യാപകർക്ക് ഫീൽഡ് തലത്തിലും പരിശീലനം ഉറപ്പാക്കും.

# കസ്റ്റംസ് കൊണ്ടുപോയത് അഞ്ചുവർഷമായി ഉപയോഗിക്കുന്ന വാഹനം, എല്ലാ രേഖകളും കൈയിലുണ്ട്:

കൊച്ചി: ഭൂട്ടാനിൽനിന്ന് നികുതി വെട്ടിച്ച് രാജ്യത്തെത്തിച്ച ആഡംബര കാറുകൾ കണ്ടെത്തുന്നതിനായി കസ്റ്റംസ് രാജ്യവ്യാപകമായി നടത്തുന്ന 'ഓപ്പറേഷൻ നുംഖോർ' പരിശോധനയുമായി ബന്ധപ്പെട്ട വാർത്തകളിൽ പ്രതികരണവുമായി നടൻ അമിത് ചക്കാലയ്ക്കൽ.

തൻറെ പക്കൽനിന്ന് ആറു വാഹനങ്ങൾ പിടിച്ചെടുത്തു എന്നത് തെറ്റാണെന്നും ഒരു കാർ മാത്രം ആണ് തൻറെ ഉടമസ്ഥതയിൽ ഉള്ളതെന്നും അമിത് പറഞ്ഞു. അഞ്ച് വർഷമായി സ്വകാര്യ വാഹനമായി ഉപയോഗിച്ചുകൊണ്ടിരുന്ന വണ്ടിയാണ് ഉദ്യോഗസ്ഥർ കൊണ്ടുപോയതെന്നും എല്ലാ രേഖകളും കൈവശമുണ്ടെന്നും താരം മാധ്യമങ്ങളോടു പറഞ്ഞു.

കസ്റ്റംസിൻറെ മൊഴിയെടുപ്പ് രാത്രി തന്നെ പൂർത്തിയായിരുന്നു. താൻ സമർപ്പിച്ച രേഖകളെല്ലാം പരിശോധിച്ചു. വണ്ടി പത്തു ദിവസത്തിനുള്ളിൽ വിട്ടു നൽകും എന്ന് കസ്റ്റംസ് അറിയിച്ചുവെന്നും അമിത് കൂട്ടിച്ചേർത്തു.

പോസിറ്റീവ് ആയാണ് ആർടിഒ റിപ്പോർട്ട് കൊടുത്തത്. കഴിഞ്ഞ ഒന്ന്, രണ്ട് വർഷത്തിനിടയിൽ ഭൂട്ടാനിൽ നിന്ന് വന്ന വണ്ടികളിൽ ഉൾപ്പെട്ടതാണോ എന്നാണ് അവർക്ക് അറിയേണ്ടിയിരുന്നത്.

ഞാൻ നുണ പറയുന്നതല്ല എന്നത് അവർക്ക് പരിശോധിച്ച് ഉറപ്പിക്കണമായിരുന്നുവെന്നും അമിത് ചക്കാലയ്ക്കൽ പറയുന്നു.

# നെൽ കർഷകരുടെ പ്രതിസന്ധി: മന്ത്രിതലയോഗത്തിൽ പ്രതീക്ഷയർപ്പിച്ച് കുട്ടനാട്

മങ്കൊമ്പ്: കുട്ടനാട്ടിലെ നെൽ കർഷക മേഖല നേരിടുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യാൻ 30ന് തിരുവനന്തപുരത്ത് കൃഷിമന്ത്രി പി. പ്രസാദിൻറെ അധ്യക്ഷതയിൽ യോഗം ചേരുമെന്ന്, മന്ത്രിയെ സന്ദർശിച്ചു നിവേദനം നൽകിയ പാടശേഖര പ്രതിനിധികൾ അറിയിച്ചു. കുട്ടനാട് വികസന ഏജൻസി വൈസ് ചെയർമാൻ അഡ്വ. മുട്ടാർ ഗോപാലകൃഷ്ണൻറെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘത്തിനാണ് മന്ത്രി ഉറപ്പു നൽകിയത്. വിവിധ വകുപ്പുകളുടെ പ്രതിനിധികളെയും യോഗത്തിൽ പങ്കെടുപ്പിക്കുമെന്ന് മന്ത്രി അറിയിച്ചതായി നിവേദക സംഘം വ്യക്തമാക്കി.

കോർഡിനേറ്റർ ഫ്രാൻസിസ് ദേവസ്യ, ഇ ബ്ലോക്ക് ഇരുപത്തി നാലായിരം കായൽ പ്രസിഡൻറ് റെജികുമാർ, വടക്കേ ആറായിരം കായൽ പ്രസിഡൻറ് സിബിച്ചൻ തറയിൽ, ഐ ബ്ലോക്ക് സെക്രട്ടറി റാഫി മോഴൂർ തുടങ്ങിയവരാണ് കഴിഞ്ഞ ദിവസം മന്ത്രിയുമായി നടന്ന ചർച്ചകളിൽ പങ്കെടുത്തത്. കുട്ടനാട്ടിൽ താമസിക്കുന്ന സാധാരണക്കാരുടെ അതിജീവനവുമായി ബന്ധപ്പെട്ട വിഷയങ്ങളിലേക്കും അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുമെന്ന് കോർഡിനേറ്റർ അറിയിച്ചു. കുട്ടനാടൻ പാടശേഖര പ്രദേശങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിച്ചാൽ നടപ്പാക്കാനാവുന്ന, ജലനിരപ്പുക്രമീകരണത്തിലൂടെയുള്ള വെള്ളക്കെട്ട് ദുരിതനിവാരണമുൾപ്പെടെയുള്ള ജനകീയ ആവശ്യങ്ങൾ, വകുപ്പുകളുടെ ഏകോപനവും ഭരണതല തീരുമാനങ്ങളും ഉണ്ടായെങ്കിൽ മാത്രമേ പ്രായോഗികമാവുകയുള്ളൂ. നിലവിലുള്ള ചട്ടമനുസരിച്ച് നെൽകൃഷി ഉള്ളപ്പോൾ മാത്രമാണ്, പമ്പിംഗിനുള്ള വൈദ്യുതി കണക്ഷനും സബ്സിഡിയും മറ്റ് സഹായങ്ങളുമൊക്കെ സർക്കാർ ലഭ്യമാക്കാറുള്ളത്. രണ്ടാം കൃഷിയില്ലാത്ത പാടശേഖര പ്രദേശങ്ങളിൽ പമ്പിംഗ് നിലയ്ക്കുമെന്നതിനാൽ, വെള്ളക്കെട്ട് ദുരിതങ്ങൾ ആവർത്തിക്കുന്നതിപ്പോൾ പതിവാണ്. നെല്ലിനൊപ്പം മറ്റുവിളകളെയും കൃഷിയായി തന്നെകണ്ടു സംരക്ഷിക്കുകയും ദുരിത നിവാരണത്തിന് മുൻഗണന നൽകി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്താൽ പരിഹരിക്കാവുന്ന പ്രശ്നമാണിത്. മാറുന്ന ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുസൃതമായി സർക്കാർ നയങ്ങളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തി, സുരക്ഷിതമായി ജീവിക്കുന്നതിനും കൃഷി ചെയ്യുന്നതിനുമുള്ള സാഹചര്യങ്ങൾ ഉറപ്പുവരുത്തണമെന്നതാണ് കുട്ടനാട്ടുകാരുടെ ആവശ്യം.



സ്കൂൾ കായികമേള സംഘാടക സമിതി ഓഫീസ് ശിക്ഷക് സദനിൽ മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി വി ശിവൻകുട്ടി സമീപം

# പിന്നാക്ക വിഭാഗങ്ങളുടെ ശാക്തീകരണത്തിന് എൻഎസ്എസ് മാനസഗ്രാമം പദ്ധതി നടപ്പിലാക്കും: മന്ത്രി ആർ ബിന്ദു

## പക്ഷിവനം പദ്ധതിയുടെ ധാരണാപത്രം കൈമാറി

പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾ, തോട്ടം തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്നവർ താമസിക്കുന്ന കേന്ദ്രങ്ങളെ ഏറ്റെടുത്ത് അവിടുത്തെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും ഉറപ്പാക്കി സ്വയം പര്യാപ്തരാക്കുന്ന മാനസഗ്രാമം പദ്ധതി എൻഎസ്എസ് നടപ്പിലാക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു. ദേശീയ എൻഎസ്എസ് ദിനാചരണത്തോട് അനുബന്ധിച്ച് പദ്ധതിയുടെ പ്രഖ്യാപനവും കർത്തവ്യ വാരത്തിന്റേയും പക്ഷിവനം പദ്ധതിയുടേയും സംസ്ഥാനതല ഉദ്ഘാടനവും ടാഗോർ തിയേറ്ററിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

അരികുവൽക്കരിക്കപ്പെടുന്നവരുടെ ശാക്തീകരണത്തിനു വേണ്ടി ഇടപെടലുകൾ നടത്തിയിട്ടുള്ള എൻഎസ്എസ് സ്കൂളിലും കോളേജിലുമൊക്കെ പഠിക്കുന്ന അവരുടെ മക്കളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി പരിശീലനം നൽകുന്ന പ്രവർത്തനങ്ങൾ നേരത്തെ ഏറ്റെടുത്തിട്ടുണ്ട്. അതിനെ ഒന്നുകൂടി വിപുലീകരിച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിജ്ഞാന കേരളം പദ്ധതിയുമായി സഹകരിച്ച് കേരളത്തെ വൈജ്ഞാനിക സമൂഹമാക്കി മാറ്റുന്നതിന് സഹായകരമായ സ്കിൽ എൻഹാൻസ്മെന്റ് പ്രവർത്തനങ്ങളിലേക്ക് കൂടി കടക്കുകയാണ്. ഈ ഗ്രാമങ്ങളിലെ കുടുംബങ്ങളിലെ ഒരാൾക്കെങ്കിലും തൊഴിൽ സൃഷ്ടിക്കാൻ കഴിയുന്ന വിധത്തിലുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്യുന്നത്. നൈപുണ്യ പരിശീലനം നൽകി തൊഴിൽ നേടുന്നതിന് അവിടുത്തെ കുടുംബങ്ങളിലെ യുവതി യുവാക്കളെ പ്രാപ്തരാക്കും. അപ്രകാരം സ്വയംപര്യാപ്ത ഗ്രാമങ്ങളായും സ്വയംപര്യാപ്ത കുടുംബങ്ങളായും ഈ ആവാസ കേന്ദ്രങ്ങളെ മാറ്റാനാകും. സാമ്പത്തിക സ്വയംപര്യാപ്തത കൂടി അവർക്ക് ലഭിക്കാൻ കഴിയുന്ന ശാക്തീകരണ പ്രവർത്തനങ്ങളാണ് മാനസഗ്രാമം പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്നത്.

ജൈവ വൈവിധ്യം സംരക്ഷിക്കുന്നതിനും പാരിസ്ഥിതിക അവബോധം വളർത്തുന്നതിനുമായി പക്ഷിജാലങ്ങൾക്ക് ജലവും ഭക്ഷണവും നൽകിക്കൊണ്ട് പക്ഷികൾക്ക് ക്യാംപസുകളിൽ ഇടങ്ങളൊരുക്കുന്നതാണ് പക്ഷിവനം പദ്ധതി. സിനിമാ ഡയറക്ടറായ ആർ ജയരാജിന്റെ ഫൗണ്ടേഷനുമായി സഹകരിച്ചാണ് ഇത് നടപ്പിലാക്കുന്നത്. എല്ലാ ക്യാമ്പസുകളിലും പക്ഷികൾക്കായിട്ടുള്ള ഇടങ്ങൾ ഉറപ്പാക്കും. ഇതിന്റെ ഭാഗമായി പാരിസ്ഥിതിക വിഷയങ്ങളുമായി ബന്ധപ്പെട്ട് ഷോർട്ട് ഫിലിം, ഡോക്യുമെന്ററി മത്സരങ്ങൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കും. പ്രകൃതി സംരക്ഷണവും പാരിസ്ഥിതിക അവബോധവുമായി ബന്ധപ്പെട്ട ആശയങ്ങളെ സംബന്ധിച്ചുള്ള ഫിലിമുകളുടെ പ്രദർശനം ഉൾക്കൊള്ളുന്ന റെയിൻ ഇന്റർനാഷണൽ നാചറൽ ഫിലിം ഫെസ്റ്റിവലിൽ എൻഎസ്എസിന്റെ വോളന്റിയേഴ്സിനെ പങ്കെടുപ്പിക്കും.

കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്നുവീണ് മരിച്ച ബിന്ദുവിന്റെ കുടുംബത്തിന് എൻഎസ്എസിന്റെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകുന്ന വീടിന്റെ താക്കോൽ 26 ന് കൈമാറും. മഹാത്മാഗാന്ധി സർവകലാശാലയിലെ എൻഎസ്എസ് വോളന്റിയർമാരും പ്രോഗ്രാം ഓഫീസർമാരുമാണ് വീട് നിർമ്മാണത്തിന് മുൻകൈ എടുത്തത്. മാലിന്യ നിക്ഷേപ കേന്ദ്രങ്ങളെ അതിമനോഹരമായ ഉദ്യാനങ്ങളാക്കുന്ന സ്നേഹാരാമം പദ്ധതിയിലൂടെ കഴിഞ്ഞ വർഷം 3000 കേന്ദ്രങ്ങളെ മാറ്റിയെടുക്കാനായി. അടിസ്ഥാന സൗകര്യ വിപുലീകരണത്തലുൾപ്പെടെ സമൂഹത്തിലെ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന എൻഎസ്എസിന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ബാരിയർ ഫ്രീ ആക്കാനുള്ള ദൗത്യങ്ങളിൽ നിർണായക പങ്കുവഹിക്കാനാകുമെന്നും മന്ത്രി പറഞ്ഞു.

പക്ഷിവനം പദ്ധതിയുടെ ധാരണാപത്രം മന്ത്രിയുടെ സാന്നിധ്യത്തിൽ ജയരാജ് ഫൗണ്ടേഷൻ സ്ഥാപകനും ചെയർമാനുമായ ആർ ജയരാജും നാഷണൽ സർവീസ് സ്കീം സംസ്ഥാന ഓഫീസർ ഡോ. ദേവിപ്രിയയും കൈമാറി. എൻഎസ്എസ് കേരള-ലക്ഷദ്വീപ് റീജിയണൽ ഡയറക്ടർ വൈ എം ഉപ്പിൻ , ടെക്നിക്കൽ സെൽ പ്രോഗ്രാം കോർഡിനേറ്റർ ജയൻ പി വിജയൻ, ഐഎച്ച്ആർഡി പ്രോഗ്രാം കോർഡിനേറ്റർ മനു രാജേന്ദ്രൻ, ജയരാജ് ഫൗണ്ടേഷൻ നാഷണൽ ലെവൽ കോർഡിനേറ്റർ ഡോ സോമശേഖരൻ ബി എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

# കേരളത്തിന്റെ ആരോഗ്യ രംഗത്തെ അഭിനന്ദിച്ച് മഹാരാഷ്ട്ര ആരോഗ്യമന്ത്രി

കേരളത്തിന്റെ ആരോഗ്യ രംഗത്തെ പ്രവർത്തനങ്ങൾ മാതൃകാപരമെന്ന് മഹാരാഷ്ട്ര ആരോഗ്യ വകുപ്പ് മന്ത്രി പ്രകാശ് അഭിത്കർ. സംസ്ഥാനത്തെ ആശുപത്രികൾ സന്ദർശിച്ച ശേഷം ആരോഗ്യ വകുപ്പുമായി നടത്തിയ ചർച്ചയിലാണ് മഹാരാഷ്ട്ര ആരോഗ്യ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിലുള്ള ടീം കേരളത്തെ അഭിനന്ദിച്ചത്. കേരളത്തിലെ മാതൃകാപരമായ പദ്ധതികളും ആരോഗ്യ കേന്ദ്രങ്ങളും അടുത്തറിയാനാണ് സംഘം കേരളത്തിലെത്തിയത്. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജുമായും സംഘം കൂടിക്കാഴ്ച നടത്തി. സ്വീകാര്യമായ മാതൃകകൾ മഹാരാഷ്ട്രയിൽ നടപ്പിലാക്കുന്നതിന് മന്ത്രി എല്ലാ പിന്തുണയും അറിയിച്ചു. യു.എസിനെക്കാളും കുറഞ്ഞ കേരളത്തിലെ ശിശുമരണ നിരക്ക് തികച്ചും മാതൃകാപരമാണ്. അപൂർവരോഗ ചികിത്സാ രംഗത്ത് കേരളം സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് നടത്തിയത്. എല്ലാ കിടപ്പ് രോഗികൾക്കും സാന്ത്വന പരിചരണം ഉറപ്പാക്കുന്ന കേരളത്തിന്റെ പ്രവർത്തനം മറ്റ് സംസ്ഥാനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. ആയുഷ് രംഗത്തെ കേരളത്തിന്റെ മുന്നേറ്റം ശ്രദ്ധേയമാണ്. നീതി ആയോഗ് വിളിച്ചു ചേർത്ത നാലാമത് ചീഫ് സെക്രട്ടറിമാരുടെ സമ്മേളനത്തിൽ കേരളത്തെ നോഡൽ സംസ്ഥാനമായി തെരഞ്ഞെടുത്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കേരളത്തിന്റെ നേതൃത്വത്തിൽ അടുത്തിടെ ദേശീയ ശില്പശാല സംഘടിപ്പിച്ചു. 29 സംസ്ഥാന-കേന്ദ്ര ഭരണ പ്രദേശങ്ങളിലെ പ്രതിനിധികളാണ് കേരള മാതൃക അടുത്തറിയാനെത്തിയത്.

പേരൂർക്കട ജില്ലാ ആശുപത്രി, വേളി കുടുംബാരോഗ്യ കേന്ദ്രം, പൂജപ്പുര പഞ്ചകർമ്മ ആശുപത്രി, വലിയവിള ഗവ. ഹോമിയോപ്പതി ഹെൽത്ത് ആന്റ് വെൽനസ് സെന്റർ എന്നീ ആശുപത്രികളാണ് സംഘം സന്ദർശിച്ചത്. ചെറിയ സ്ഥാപനങ്ങളിൽ പോലും വലിയ വികസനം സാധ്യമാക്കിയതിനെ സംഘം അഭിനന്ദിച്ചു.

മഹാരാഷ്ട്ര ആരോഗ്യ വകുപ്പ് മന്ത്രിയോടൊപ്പം മഹാരാഷ്ട്ര എൻ.എച്ച്.എം. സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ഉൾപ്പെടെയുള്ള സംഘമാണ് ഉണ്ടായിരുന്നത്. കേരള ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പിലേയും എൻഎച്ച്എംലേയും ആയുഷ് വകുപ്പിലേയും ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## നഴ്സിംഗ് അസിസ്റ്റന്റ് നിയമനം

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി ഒക്ടോബർ 6 വൈകിട്ട് 3.30 വരെ. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോമിനും ാാാ.ൃരര.്.ഴ്.ശി.

## പുരാവസ്തു മോഷ്ടിച്ച അധ്യാപകനെ പോലീസ് അറസ്റ്റ് ചെയ്തു

ന്യൂഡൽഹി: പുരാവസ്തു മോഷ്ടിച്ച അധ്യാപകനെ പോലീസ് അറസ്റ്റ് ചെയ്തു. ഹരിയാന സർവകലാശാലയിലെ അധ്യാപകനാണ് ദേശീയ മ്യൂസിയം സന്ദർശിക്കുന്നതിനിടെ പുരാവസ്തു കവർന്നത്. പ്രശസ്തമായ മോഹൻജോദാരോ 'ഡാൻസിംഗ് ഗേൾ' പ്രതിമയുടെ പകർപ്പാണു 45കാരനായ അധ്യാപകൻ മോഷ്ടിച്ചത്. സിസിടിവി പരിശോധിച്ചു നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ കണ്ടെത്തിയത്.

4,500 വർഷം പഴക്കമുള്ള 'ഡാൻസിംഗ് ഗേൾ' വെങ്കല പ്രതിമ 1926ൽ മോഹൻ ജോദാരോയിൽനിന്നു ബ്രിട്ടീഷ് പുരാവസ്തു ഗവേഷകനായ ഏൺസ്റ്റ് മക്കെയാണു കുഴിച്ചെടുത്തത്.

# വിഴിഞ്ഞത്ത് വീട്ടിൽ വൻകവർച്ച; 90 പവനും ലക്ഷം രൂപയും നഷ്ടമായി

തിരുവനന്തപുരം: വിഴിഞ്ഞത്ത് റിട്ട. ഫയർഫോഴ്സ് ഉദ്യോഗസ്ഥൻറെ വീട് കുത്തിത്തുറന്ന് 90 പവൻറെ സ്വർണവും ഒരു ലക്ഷം രൂപയും കവർന്നു. വിഴിഞ്ഞം വെങ്ങാനൂർ വെണ്ണിയൂർ മാവുവിള വിൻസൻ വില്ലയിൽ റിട്ട. ഫയർഫോഴ്സ് ഉദ്യോഗസ്ഥൻ ഗിൽബർട്ടിൻറെ വീട്ടിലാണു കവർച്ച നടന്നത്.

ഗിൽബർട്ടിൻറെ സഹോദരിയുടെ മകൻ ഈ സമീപകാലത്ത് മരണപ്പെട്ടതിനെത്തുടർന്ന് എല്ലാ ദിവസവും രാത്രി പത്ത് മണിക്കു ശേഷം ഗിൽബർട്ടും ഭാര്യയും സഹോദരിയുടെ വീട്ടിൽ കൂട്ടുകിടക്കാൻ പോകുക പതിവായിരുന്നു. പതിവുപോലെ ചൊവ്വാഴ്ചയും പോയി.

ഇന്ന് പുലർച്ചെ വീട്ടിൽ തിരികെയെത്തിയപ്പോഴാണ് മോഷണവിവരം ശ്രദ്ധയിൽപ്പെട്ടത്.വീടിൻറെ മുൻവശത്തെ വാതിൽ തകർത്ത് അകത്തുകടന്ന മോഷ്ടാക്കൾ രണ്ടാം നിലയിൽ മുറിയിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന 90 പവൻറെ സ്വർണാഭരണങ്ങൾ കവരുകയായിരുന്നു.

മറ്റൊരു മുറിയിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന ഒരു ലക്ഷം രൂപയും മോഷ്ടാക്കൾ അപഹരിച്ചുവെന്ന് ഗിൽബർട്ട് പോലീസിനോട് പറഞ്ഞു. ഗിൽബർട്ടിൻറെ മകനും മകളും സർക്കാർ ജീവനക്കാരാണ്. ഇരുവരും കൊല്ലം മലപ്പുറം ജില്ലകളിലാണ് ജോലി ചെയ്യുന്നത്.

മകളുടെയും മരുമകളുടെയും ഭാര്യയുടെയും സ്വർണാഭരണങ്ങളാണ് നഷ്ടപ്പെട്ടതെന്ന് ഇദ്ദേഹം പോലീസിൽ മൊഴി നൽകി.

വീട്ടിലെ സാധനങ്ങൾ വാരിവലിച്ചിട്ട നിലയിലാണ്. വിഴിഞ്ഞം പോലീസും വിരലടയാള വിദഗ്ധരും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധനകൾ ആരംഭിച്ചു.

# കായികമേളയുടെ സാമൂഹിക ഉത്തരവാദിത്തം പ്രധാനപ്പെട്ടത് : മന്ത്രി പി എ മുഹമ്മദ് റിയാസ്

## കായിക മേള സംഘാടക സമിതി ഓഫീസ് തുറന്നു

സ്കൂൾ കായിക മേളയ്ക്ക് ഇന്നത്തെ സമൂഹത്തിൽ നിർവേറ്റാനുള്ള ഉത്തരവാദിത്തം വളരെ പ്രധാനപ്പെട്ടതാണെന്ന് പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. സംസ്ഥാന സ്കൂൾ കായിക മേളയുടെ സംഘാടക സമിതി ഓഫീസ് ശിക്ഷക് സദനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഇന്ത്യയിൽ ഏറ്റവുമധികം കുട്ടികൾ പങ്കെടുക്കുന്ന സംസ്ഥാന കായികമേളയാണ് കേരളത്തിൽ നടക്കുന്ന സ്കൂൾ കായിക മേള. സമൂഹത്തിൽ പടരുന്ന ലഹരി വിപത്തും, ഡിജിറ്റൽ ഗെയിമുകളുടെ ഉപയോഗവും കുറയ്ക്കാൻ ഇത്തരം കായികമേളയിലൂടെ കായികപരമായ താൽപര്യം വിദ്യാർത്ഥികളിൽ വർദ്ധിപ്പിക്കണം. ചെറുപ്പത്തിലെ കായിക മത്സരങ്ങളിൽ പങ്കെടുക്കുമ്പോൾ തോൽക്കാൻ കൂടി പഠിക്കുകയാണ്. തോൽവിയിൽ നിന്ന് മാനസികമായി അതിജീവിക്കാനുള്ള ശേഷി കായിക മത്സരങ്ങളിലൂടെ കുട്ടികൾക്ക് ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു. കേരള സ്കൂൾ കായികമേളയിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് ഇക്കൊല്ലം മുതൽ മുഖ്യമന്ത്രിയുടെ സ്വർണ്ണ കപ്പ് സമ്മാനിക്കുമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. ഇത് ജില്ലകൾ തമ്മിൽ ആരോഗ്യകരമായ മത്സരം വളർത്തുവാനും കൂടുതൽ മികച്ച പ്രതിഭകളെ കണ്ടെത്തുവാനും സഹായിക്കും. ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

പൊതുവിദ്യാഭ്യാസ രംഗത്ത് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തുല്യത ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ട്. എന്നാൽ ഒരു വിദ്യാർത്ഥിയുടെ സമഗ്രമായ വികസനത്തിന് കായികമത്സരങ്ങളും കലയും അവരുടെ ജീവിതത്തിന്റെ ഭാഗമാകണം. കായികക്ഷമതയും മാനസികാരോഗ്യവുമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കുക എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യമെന്നും അതിലേക്കുള്ള ശരിയായ ചുവടുവയ്പ്പാണ് കേരള സ്കൂൾ കായികമേളയെന്നും മന്ത്രി പറഞ്ഞു. കഴിഞ്ഞ വർഷം യു.എ.ഇയിൽ നിന്നുള്ള വിദ്യാർത്ഥികൾ കായികമേളയിൽ പങ്കെടുത്തത് ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ടിരുന്നു. ഇത് നമ്മുടെ കുട്ടികൾക്ക് അന്താരാഷ്ട്ര തലത്തിലുള്ള കായിക താരങ്ങളുമായി മത്സരിക്കുവാൻ അവസരമൊരുക്കി. കഴിഞ്ഞ തവണ ആൺകുട്ടികളാണ് പങ്കെടുത്തത്. ഇത്തവണ യു.എ.ഇയിൽ നിന്ന് പെൺകുട്ടികളും സ്കൂൾ കായികമേളയ്ക്ക് പങ്കെടുക്കുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു.

എം എൽ എ മാരായ ആന്റണി രാജു, ഐ ബി സതീഷ്, വി കെ പ്രശാന്ത്, എം വിൻസന്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉമേഷ് എൻ എസ് കെ, വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

ഒക്ടോബർ 22 മുതൽ 28 വരെ തിരുവനന്തപുരം ജില്ലയിലാണ് സംസ്ഥാന സ്കൂൾ കായിക മേള സംഘടിപ്പിക്കുന്നത്. മുൻവർഷത്തെ പോലെ ഇത്തവണയും ഒളിമ്പിക്സ് മാതൃകയിലാണ് കായിക മേള നടത്തുന്നത്.

# കേരള ടൂറിസത്തിന്റെ 'യാനം' ലിറ്ററേച്ചർ ഫെസ്റ്റിവെൽ ആദ്യ പതിപ്പ്

## ഒക്ടോബറിൽ വർക്കലയിൽ സംഘടിപ്പിക്കും

വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായുള്ള കേരള ടൂറിസത്തിന്റെ വിവിധ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ടൂറിസം മേഖല കേന്ദ്രീകരിച്ച് 'യാനം' എന്ന പേരിൽ ലിറ്ററേച്ചർ ഫെസ്റ്റിവെൽ സംഘടിപ്പിക്കുമെന്ന് ടൂറിസം- പൊതുമരാമത്ത് മന്ത്രി പി. എ. മുഹമ്മദ് റിയാസ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. യാനത്തിന്റെ ആദ്യ പതിപ്പ് ഒക്ടോബർ 17, 18, 19 തീയതികളിൽ വർക്കല ക്ലിഫിലെ രംഗകലാകേന്ദ്രത്തിൽ നടക്കും.

സഞ്ചാര മേഖലയിലെ എഴുത്തുകാരെയും പ്രൊഫഷണലുകളെയും കോർത്തിണക്കിയാണ് കേരളം പുതിയ ഉദ്യമത്തിന് തുടക്കമിടുന്നതെന്ന് മന്ത്രി പറഞ്ഞു. ലോകത്താകെയുള്ള സഞ്ചാരസാഹിത്യ മേഖലയിലേക്ക് കേരളത്തെ കൂടുതൽ അടയാളപ്പെടുത്തുവാനാണ് ലിറ്ററേച്ചർ ഫെസ്റ്റിവെലിലൂടെ ഉദ്ദേശിക്കുന്നത്. പരമ്പരാഗത സാഹിത്യോത്സവങ്ങളിൽ നിന്നും വ്യത്യസ്തമായ പരിപാടിയാണ് 'യാനം'.

ഡെസ്റ്റിനേഷൻ വെഡ്ഡിങ് ആൻഡ് മൈസ് ടൂറിസം കോൺക്ലേവ്, ഉത്തരവാദിത്ത ടൂറിസം കോൺക്ലേവ് തുടങ്ങി വ്യത്യസ്തമായ സമ്മേളനങ്ങൾ സംസ്ഥാന ടൂറിസം വകുപ്പ് ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. ഈ മാതൃകയിൽ ടൂറിസം പ്രചാരണത്തിനായി അടുത്തതായി സംഘടിപ്പിക്കുന്ന പരിപാടിയാണ് ലിറ്ററേച്ചർ ഫെസ്റ്റിവെൽ. ഇത്തരമൊരു ആശയം രാജ്യത്ത് തന്നെ ആദ്യമായാണ് നടപ്പിലാക്കുന്നതെന്നാണ് കരുതുന്നതെന്നും മന്ത്രി പറഞ്ഞു.

യാത്രകളെ സ്നേഹിക്കുന്നവരുടെ സംഗമവേദി എന്ന നിലയിലാണ് 'യാനം' സംഘടിപ്പിക്കുന്നത്. യാത്രകളെ വ്യത്യസ്ത രീതിയിൽ അടയാളപ്പെടുത്തിയ ലോകോത്തര പ്രതിഭകളുടെ സംഗമമായിരിക്കും ഈ പരിപാടി. എഴുത്തുകാർ, കലാകാരന്മാർ, ഫോട്ടോഗ്രാഫർമാർ, സാഹസിക യാത്രികർ, യാത്ര ഡോക്യുമെന്ററി സംവിധായകർ തുടങ്ങി വ്യത്യസ്ത മേഖലകളിൽ ഉള്ളവർ യാനത്തിന്റെ ഭാഗമാകും.

ബുക്കർ സമ്മാന ജേതാവ് ഷെഹാൻ കരുണതിലക, ഗ്രാമി അവാർഡ് ജേതാവ് പ്രകാശ് സോൺതെക്ക, പത്രപ്രവർത്തകയും എഴുത്തുകാരിയുമായ പല്ലവി അയ്യർ, ഗ്രാഷ്യൻ അവാർഡ് നേടിയ ശ്രീലങ്കൻ എഴുത്തുകാരൻ ആൻഡ്രൂ ഫിഡൽ ഫെർണാണ്ടോ, വർത്തമാനകാല ഓർഫ്യൂസ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന കവി പ്രൊഫ. നതാലി ഹാൻഡൽ എന്നിവരുൾപ്പെടുന്ന ചർച്ച യാനത്തെ ശ്രദ്ധേയമാക്കും.

കൂടാതെ ടിബറ്റൻ കവി ടെൻസിൻ സുണ്ടു, പത്രപ്രവർത്തകനും എഴുത്തുകാരനുമായ സുദീപ് ചക്രവർത്തി, ഫോട്ടോഗ്രാഫർ ആശ ഥാദാനി, ആറ് രാജ്യങ്ങളിലൂടെ ബൈക്കിംഗ് നടത്തിയ സാഹസിക യാത്രിക പിയാ ബഹാദൂർ എന്നിവരും ഈ വേദിയിൽ എത്തും. പ്രസിദ്ധ യാത്രാ ഡോക്യുമെന്ററി നിർമ്മാതാക്കളായ പ്രിയ ഗണപതി, അനുരാഗ് മല്ലിക്, ഫുഡ് ഗുരു കാരൻ ആനന്ദ്, പ്രമുഖ യാത്രാ വ്ളോഗർ കൃതിക ഗോയൽ എന്നിവരും പങ്കെടുക്കും.

ചർച്ചകൾക്ക് പുറമേ വർക്കലയുടെ ആകർഷണങ്ങൾ പരിചയപ്പെടുത്തുന്ന പ്രത്യേക സഞ്ചാരപാത സംഘടിപ്പിക്കും. കേരളത്തിന്റെ, പ്രത്യേകിച്ചും വർക്കലയുടെ ടൂറിസം സാധ്യതകൾ കൂടി ലോകത്തിന് പരിചയെപ്പടുത്തുവാൻ യാനത്തിലൂടെ ലക്ഷ്യമിടുന്നു. വിവിധ മേഖലകളിൽ ഉള്ളവർ വർക്കലയെയും സമീപ പ്രദേശങ്ങളെയും ലോകത്തിന് പരിചയപ്പെടുത്തുകയും അതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിന് കൂടി ആലാചിക്കുന്നുണ്ട്. എഴുത്ത്, ഫോട്ടോഗ്രഫി, ആയുർസൗഖ്യം (വെൽനസ്) തുടങ്ങിയ വിഷയങ്ങളിൽ വിജ്ഞാനപ്രദമായ പരിശീലന കളരികളും സംഘടിപ്പിക്കും.

നോവലിസ്റ്റും ക്യൂറേറ്ററുമായ സബിൻ ഇക്ബാലും എഴുത്തുകാരി നിർമ്മല ഗോവിന്ദരാജനും ചേർന്നുള്ള സംഘമാണ് യാനം ഫെസ്റ്റിവൽ ക്യൂറേറ്റ് ചെയ്യുന്നത്.

വി ജോയ് എം.എൽ.എ., കേരള ടൂറിസം വകുപ്പ് ഡയറക്ടർ ശിഖ സുരേന്ദ്രൻ എന്നിവരും മന്ത്രിക്കൊപ്പം വാർത്താ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

# പാലക്കാട് വ്യവസായ സ്മാർട്ട് സിറ്റിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി

കൊച്ചി- ബംഗളൂരു വ്യാവസായിക ഇടനാഴിയുടെ ആദ്യ നോഡായ പാലക്കാട് സ്മാർട് സിറ്റിയുടെ (ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ) അടിസ്ഥാന സൗകര്യവികസനത്തിനുള്ള ടെണ്ടർ നടപടികൾ കേരളം പൂർത്തിയാക്കി. ദിലീപ് ബിൽഡ്കോൺ ലിമിറ്റഡും (ഡിബിഎൽ) പിഎസ്പി പ്രോജെക്ടസ് ലിമിറ്റഡും ചേർന്നുള്ള സംയുക്ത സംരംഭത്തിനാണ് നിർമ്മാണക്കരാർ. കഴിഞ്ഞ വർഷം രാജ്യത്ത് ആകെ അനുവദിക്കപ്പെട്ട 12 വ്യാവസായിക ഇടനാഴി - സ്മാർട്ട് സിറ്റി പദ്ധതികളിൽ അടിസ്ഥാനസൗകര്യവികസനത്തിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന ആദ്യ സംസ്ഥാനമായി ഇതോടെ കേരളം മാറി. ജിഎസ്ടി ഉൾപ്പടെ 1316.13 കോടി രൂപയ്ക്കാണ് കരാർ ഒപ്പിട്ടത്. നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കും.

ആകെ 3,600 കോടിയോളം രൂപ ചെലവ് കണക്കാക്കിയിട്ടുള്ള പദ്ധതിയാണ് പാലക്കാട് സ്മാർട് സിറ്റി. ഭൂമി ഏറ്റെടുക്കുന്നതിനായി രണ്ടു വർഷം മുൻപു തന്നെ കിഫ്ബി വഴി സംസ്ഥാന സർക്കാർ 1,489 കോടി രൂപ ചെലവിട്ടിരുന്നു. 1,450 ഏക്കർ ഭൂമിയാണ് ഇതിനോടകം ഏറ്റെടുത്തിട്ടുള്ളത്. നിലവിൽ കിൻഫ്രയുടെ കൈവശമുള്ള ഭൂമി ഘട്ടംഘട്ടമായി കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷന് കൈമാറുകയാണ് ചെയ്യുക. ആദ്യഘട്ടമായി കഴിഞ്ഞ ഡിസംബറിൽ 110 ഏക്കർ ഭൂമിയും മാർച്ചിൽ 220 ഏക്കർ ഭൂമിയും കൈമാറിയപ്പോൾ രണ്ടു ഘട്ടമായി കേന്ദ്രം 313.5 കോടി രൂപയും കൈമാറിയിരുന്നു.

ചെന്നൈ- ബാംഗ്ലൂർ വ്യാവസായിക ഇടനാഴി കൊച്ചിയിലേക്ക് നീട്ടി കൊച്ചി - ബംഗളൂരു വ്യാവസായിക ഇടനാഴി നിർമിക്കാൻ 2019 ആഗസ്റ്റിലാണ് തീരുമാനിച്ചത്. സംസ്ഥാന സർക്കാരിനും കേന്ദ്രസർക്കാരിനും തുല്യപങ്കാളിത്തമുള്ള പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കേരളം 2020 സെപ്റ്റംബറിൽതന്നെ ആരംഭിച്ചു. 2022 ജൂലൈ മാസമായപ്പോഴേക്കും സ്ഥലമേറ്റെടുപ്പ് 85 ശതമാനവും കേരളം പൂർത്തിയാക്കി. 1152 ഏക്കർ ഭൂമിയുടെ ഏറ്റെടുപ്പിന് 14 മാസം മാത്രമാണ് സംസ്ഥാനത്തിനു വേണ്ടിവന്നത്. കഴിഞ്ഞ ജൂണിൽ മന്ത്രി പി. രാജീവ് കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രി പീയൂഷ് ഗോയലിനെ സന്ദർശിച്ച് വ്യാവസായിക ഇടനാഴിക്കുള്ള അംഗീകാരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും സംസ്ഥാനം പൂർത്തിയാക്കിയ നടപടിക്രമങ്ങളെപ്പറ്റി ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു. കേരള സർക്കാരിനു കീഴിലുള്ള കിൻഫ്രയും കേന്ദ്ര സർക്കാരിനു കീഴിലുള്ള നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആൻഡ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റും (എൻഐസിഡിഐടി) ചേർന്ന് തുല്യ ഓഹരി പങ്കാളിത്തത്തോടെ രൂപം കൊടുത്ത പ്രത്യേകോദ്ദേശ്യ സ്ഥാപനമായ കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെഐസിഡിസി) ആണ് പാലക്കാട് സ്മാർട് സിറ്റിയുടെ വികസനപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. സ്മാർട് സിറ്റിയുടെ രൂപകൽപന മുതൽ നിർമാണവും മെയിന്റനൻസും ഉൾപ്പെട്ട ഇപിസി (എൻജിനീയറിംഗ്, പ്രൊക്യുർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ) കരാറിനാണ് ദേശീയതലത്തിൽ ടെൻഡർ വിളിച്ചിരുന്നത്. പദ്ധതി പ്രദേശത്ത് ആവശ്യമായ റോഡുകൾ, ഡ്രെയ്നേജുകൾ, പാലങ്ങൾ, ജലവിതരണ ശൃംഖല, അഗ്നിശമന മാർഗങ്ങൾ, ജലപുനരുപയോഗ സംവിധാനങ്ങൾ, സീവറേജ് ലൈനുകൾ, ഊർജ്ജവിതരണ സംവിധാനങ്ങൾ, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, വ്യാവസായിക മലിനജല ശേഖരണ സംവിധാനങ്ങൾ, മലിനജല സംസ്കരണ പ്ലാന്റ് തുടങ്ങിയവയാണ് അടിസ്ഥാന സൗകര്യവികസനത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# റബർമരത്തിൽ ചങ്ങലയിൽ ബന്ധിച്ച മൃതദേഹം മധ്യവയസ്ക്കൻറേതെന്നു തെളിഞ്ഞു

പുനലൂർ: മുക്കടവ് ഭാഗത്തെ ആളൊഴിഞ്ഞ തോട്ടത്തിൽ റബർ മരത്തിൽ ചങ്ങലയിൽ ബന്ധിച്ച നിലയിൽ കാണപ്പെട്ടതു മധ്യവയസ്കൻറെ മൃതദേഹമാണെന്നു തെളിഞ്ഞു. മൃതദേഹത്തിനു പത്തു ദിവസത്തിൽ കൂടുതൽ പഴക്കമുള്ളതായും പോലീസ് പറഞ്ഞു. ഇതു സംബന്ധിച്ച് അന്വേഷണം ശക്തമാക്കിയിട്ടുണ്ട്.

ഉന്നത പോലീസ് ഉദ്യോഗസ്ഥർ സംഭവ സ്ഥലത്തെത്തി പരിശോധനകൾ നടത്തി. ചങ്ങലയിൽ ബന്ധിച്ചിരുന്ന മൃതദേഹത്തിൻറെ പൂട്ട് അറുത്താണ് ജീർണിച്ച മൃതദേഹം പുറത്തെടുത്തത്. ഇതിൻറെ താക്കോൽ കണ്ടെത്താനുള്ള പരിശോധനയും നടന്നു വരുന്നു. ഇങ്ങനെ വിരലടയാളം ശേഖരിയ്ക്കാൻ കഴിയുമോയെന്നും പോലീസ് നിരീക്ഷിയ്ക്കുന്നു.

മൃതദേഹത്തിൽ ആസിഡ് ഒഴിച്ചതായും സൂചനയുണ്ട്. അതുകൊണ്ടാകാം പ്രദേശത്ത് വലിയ ദുർഗന്ധമുണ്ടാകാതിരുന്നതെന്നും അനുമാനിക്കുന്നു. റബർ മരത്തിൽ ചങ്ങലയിൽ ബന്ധിച്ച നിലയിൽ മൃതദേഹം കണ്ടെത്തിയതു കഴിഞ്ഞ ദിവസമാണ്. ഇന്നാണ് മൃതദേഹം മധ്യവയസ്ക്കൻറേതാണെന്നു സ്ഥീരികരിച്ചത്.

മുക്കടവ് ജംഗ്ഷനിൽ ആളൊഴിഞ്ഞ ഉയരത്തിലുള്ള ഭാഗത്ത് ആളുകേറാമലയിലെ റബർതോട്ടത്തിലാണ് മൃതദേഹം കണ്ടെത്തിയത്. ഈ തോട്ടത്തിൽ അടുത്ത കാലത്തായി റബർ ടാപ്പിംഗ് നടക്കുന്നില്ല. ശങ്കരൻകോവിൽ സ്വദേശിയായ സുരേഷ് കഴിഞ്ഞ ദിവസം ഉച്ചയോടെ തോട്ടത്തിൽ മുളക് ശേഖരിക്കാൻ എത്തിയപ്പോഴാണ് മൃതദേഹം കണ്ടത്.

കൈകാലുകൾ വലിയ ഇരുമ്പ് ചങ്ങല ഉപയോഗിച്ച് ബന്ധിച്ചു മരത്തിൽ പൂട്ടിയ നിലയിൽ തറയിൽ കിടക്കുന്ന നിലയിലായിരുന്നു മൃതദേഹം. മൃതദേഹത്തിനു സമീപത്തുനിന്ന് ബാഗ്, കത്രിക, കന്നാസ്, കുപ്പി എന്നിവ കണ്ടെത്തിയിരുന്നു.

പാരിപ്പള്ളി മെഡിക്കൽ കോളജ് ആശുപത്രിയിലാണ് പോസ്റ്റുമോർട്ടം നടന്നത്. കൊല്ലത്ത് നിന്ന് ഫോറൻസിക് സംഘവും സ്ഥലത്തെത്തി തെളിവുകൾ ശേഖരിച്ചു. കൊല്ലം റൂറൽ ക്രൈം ബ്രാഞ്ച് ഡിവൈഎസ്പി, പുനലൂർ ഡിവൈഎസ്പി എന്നിവരും സ്ഥലത്തെത്തി പരിശോധന നടത്തി.

## എബോള ആശങ്കയിൽ കോംഗോ; 35 പേർ മരിച്ചു, 11 പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചു

കിൻഹാസ: മധ്യ ആഫ്രിക്കൻ രാജ്യമായ കോംഗോയിൽ എബോള പടരുന്നു. കഴിഞ്ഞ ഒരാഴ്ചക്കിടെ മാത്രം 11 പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചതായി ലോകാരോഗ്യ സംഘടന അറിയിച്ചു.

രാജ്യത്ത് ഇതുവരെ 57 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ടെന്നാണ് സർക്കാർ അറിയിച്ചത്. ഇതിൽ 35 പേർ മരിച്ചു. ബാക്കിയുള്ളവർ ആശുപത്രിയിൽ ചികിത്സയിലാണ്.

കാസായ് പ്രവിശ്യയിലാണ് കൂടുതൽ രോഗികളുള്ളത്. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സർക്കാർ അറിയിച്ചു.



ദേശീയ എൻ എസ് എസ് ദിനചാരണത്തിന്റെ ഭാഗമായി മാനസഗ്രാമത്തിന്റെ പ്രഖ്യാപനവും കർത്തവ്യ വാരത്തിന്റെയും പക്ഷിവനം പദ്ധതിയുടേയും സംസ്ഥാനതല ഉദ്ഘാടനവും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവഹിക്കുന്നു.

# പ്രതിഷേധങ്ങളിൽ ബുദ്ധിമുട്ടില്ലെന്ന് രാഹുൽ മാങ്കൂട്ടത്തിൽ; എംഎൽഎ ഓഫീസിലെത്തി

പാലക്കാട്: ലൈംഗികാരോപണ വിവാദങ്ങൾക്കിടെ രാഹുൽ മാങ്കൂട്ടത്തിൽ പാലക്കാട്ടെ എംഎൽഎ ഓഫീസിലെത്തി. ഇന്ന് വൈകുന്നേരം നാലോടെയാണ് രാഹുൽ ഓഫീസിലെത്തിയത്. 38 ദിവസങ്ങൾക്കുശേഷമാണ് രാഹുൽ പാലക്കാട്ട് എത്തിയത്.

കാറിലെത്തിയ രാഹുലിനെ അനുയായികൾ സ്വീകരിച്ചു. ഒന്നും പ്രതികരിക്കാനില്ലെന്നും പിന്നീട് വിശദമായി കാണാമെന്നും രാഹുൽ മാധ്യമങ്ങളോട് വ്യക്തമാക്കി. മുൻപും മാധ്യമങ്ങളോട് സംസാരിച്ചിട്ടുണ്ട്. താൻ പറയുന്നതിലും അപ്പുറമാണ് വാർത്തകൾ. സാധാരണ അറിയിക്കുന്നതിന് പോലെ വിവരങ്ങൾ മാധ്യമങ്ങൾ അറിയിക്കുമെന്നും രാഹുൽ പറഞ്ഞു.

മണ്ഡലത്തിൽ ഇല്ലാതിരിക്കാൻ കാര്യമില്ല. പ്രതിഷേധങ്ങളോട് നിഷേധാത്മക സമീപനം ഒരിക്കലും സ്വീകരിച്ചിട്ടില്ല. താൻ ഒരുപാട് പ്രതിഷേധങ്ങൾ നടത്തിയിട്ടുള്ള ആണ്. പ്രതിഷേധങ്ങൾ ജനാധിപത്യത്തെ ശക്തിപ്പെടുത്തും. പ്രതിഷേധങ്ങളിൽ യാതൊരു ബുദ്ധിമുട്ടില്ലെന്നും രാഹുൽ വ്യക്തമാക്കി.

## അരീക്കോട്ട് ഭർത്താവ് ഭാര്യയെ വെട്ടിക്കൊന്നു; പ്രതിയെ കസ്റ്റഡിയിലെടുത്ത് പോലീസ്

മലപ്പുറം: അരീക്കോട്ട് ഭാര്യയെ വെട്ടിക്കൊന്ന് ഭർത്താവ്. 38 വയസുകാരിയായ രേഖയാണ് മരിച്ചത്.

ഭർത്താവ് വിപിൻദാസ് ആണ് രേഖയെ വെട്ടിക്കൊന്നത്. വിപിൻദാസിനെ പോലീസ് കസ്റ്റഡിയിലെടുത്തു. അരീക്കോട് വടശേരിയിലാണ് സംഭവം.

# വനിതാമാധ്യമപ്രവർത്തകരുടെ സംഗമവേദിയാകാൻ ഐഎംഎഫ്കെ

സെപ്തംബർ 29 മുതൽ തിരുവനന്തപുരത്ത് നടക്കുന്ന രാജ്യാന്തര മാധ്യമോത്സവത്തിൽ ദേശീയ-അന്തർദ്ദേശീയ പ്രശസ്തരായ വനിതാമാധ്യമപ്രവർത്തകർ പങ്കെടുക്കും. ആഫ്രിക്കയിലെ ബുർക്കിന ഫാസോയിൽ നിന്നുള്ള മാധ്യമപ്രവർത്തക മറിയം ഔഡ്രഗോ, ഗുജറാത്ത് കലാപത്തെ കുറിച്ചുള്ള ഫീച്ചറിലൂടെ ശ്രദ്ധേയായ റാണ അയൂബ്, ദി അരുണാചൽ ടൈംസിന്റെ അസോസിയേറ്റ് എഡിറ്റർ ടോംഗം റിന, ബസ്തറിൽ നിന്നുള്ള ഗോത്രവർഗ മാധ്യമപ്രവർത്തക പുഷ്പ റോക്ഡെ എന്നിവർ ഉൾപ്പെടെയുള്ള വനിതാ മാധ്യമപ്രവർത്തകരാണ് അണിനിരക്കുക.

കേരള മീഡിയ അക്കാദമിയുടെ മുഖമാസികയായ 'മീഡിയ'യുടെ 2025ലെ മീഡിയ പേഴ്സൺ ഓഫ് ദി ഇയർ പുരസ്കാരം സെപ്തംബർ 30ന് മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് ഏറ്റുവാങ്ങുന്നതിനാണ് മറിയം ഔഡ്രഗോ എത്തുക. ഗുജറാത്ത് കലാപത്തെ കുറിച്ചുള്ള ഫീച്ചറുകളിലൂടെ ശ്രദ്ധനേടിയ മാധ്യമപ്രവർത്തകയാണ് റാണ അയൂബ്. സ്വകാര്യ, കോർപ്പറേറ്റ് ലോബികൾക്കെതിരെ തൂലിക പടവാളാക്കിയ മാധ്യമപ്രവർത്തകയാണ് ടോംഗം റിന. 2012ൽ ശത്രുക്കളുടെ വെടിയുണ്ടയേറ്റ ടോംഗം റിന മരണത്തിൽ നിന്ന് തലനാരിഴക്കാണ് രക്ഷപ്പെട്ടത്. ഛത്തീസ്ഗഢ് ബസ്തറിലെ മാവോയിസ്റ്റ് സംഘർഷമേഖലയിൽ നിന്നുള്ള മാധ്യമപ്രവർത്തകയാണ് പുഷ്പ റോക്ഡെ. സർക്കാരിനും മാവോയിസ്റ്റുകൾക്കും ഇടയിൽ ചെകുത്താനും കടലിനുമിടയിലെന്ന പോലെയാണ് ഗോത്രവർഗ്ഗക്കാരുടെ അവസ്ഥയെന്ന് അവർ തുറന്നെഴുതി. ടാഗോർ തിയേറ്റർ, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മാനവീയം വീഥി എന്നിവിടങ്ങളിലാണ് ഒക്ടോബർ 2 വരെ മാധ്യമോത്സവം നടക്കുക. കേരള മീഡിയ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഐ-പിആർഡി, കേരള പത്രപ്രവർത്തക യൂണിയൻ എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

# എൻ.എം. വിജയൻെറ ബാങ്കിലെ ബാധ്യത തീർത്ത് കെപിസിസി

കല്പ്പറ്റ: വയനാട്ടിൽ ആത്മഹത്യചെയ്ത മുൻ ഡിസിസി ട്രഷറർ എൻ.എം. വിജയൻറെ ബത്തേരി അർബൻ ബാങ്കിലെ സാമ്പത്തിക ബാധ്യത തീർത്ത് കെപിസിസി. 69 ലക്ഷം രൂപയുടെ ബാധ്യതയിൽ പിഴപ്പലിശയും മറ്റും ഒഴിവാക്കിയുള്ള തുകയാണ് കെപിസിസി അടച്ചുതീർത്തത്.

ബത്തേരി അർബൻ ബാങ്കിലെ കുടിശിക തീർത്ത് വീടിൻറെ ആധാരം എടുത്തുനൽകുക എന്നതായിരുന്നു വിജയൻറെ കുടുംബത്തിൻറെ ആവശ്യം. അർബൻ ബാങ്കിൻറെ പക്കലുള്ള വിജയൻറെ വീടിൻറെ ആധാരം കൈമാറുന്നതിനു നിലവിൽ പ്രശ്നങ്ങളില്ല. ആധാരം കൈമാറുമ്പോൾ നോമിനിയായി വിജയൻറെ ഭാര്യ സുമയുടെ പേരാണ് രേഖപ്പെടുത്തിയിരുന്നത്. ഷെയർ കൈമാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങളിലും കുടുംബത്തിൽ നിന്നുള്ള നടപടികൾ പൂർത്തിയാകുന്നതോടെ ആധാരം കൈമാറാനാകുമെന്ന് ബാങ്ക് വൃത്തങ്ങൾ അറിയിച്ചു.

40 ലക്ഷത്തോളം രൂപയാണ് 2007 ൽ വിജയൻ ബത്തേരി ബാങ്കിൽനിന്ന് കടമെടുത്തിരുന്നത്. അത് പിന്നീട് പലതവണ പുതുക്കുകയും മറ്റും ചെയ്തിരുന്നെങ്കിലും പിഴപ്പലിശയടക്കം 69 ലക്ഷം രൂപയായിരുന്നു.

സഹകരണ ബാങ്ക് നിയമനവുമായി ബന്ധപ്പെട്ട് വാങ്ങിയ കോഴപ്പണം തിരികെ നൽകുന്നതിൻറെ ഭാഗമായാണ് ഇത്രവലിയ ബാധ്യത ഉണ്ടായത് എന്നാണ് വിജയൻ ആത്മഹത്യാകുറിപ്പിൽ പറഞ്ഞിരുന്നത്.

## വാക് ഇൻ ഇന്റർവ്യു

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ ഫിസിയോതെറാപ്പി ട്രെയിനിങ് പ്രോഗ്രാമുകളിൽ നിയമനത്തിന് ഒക്ടോബർ 3ന് വാക് ഇൻ ഇന്റർവ്യു നടത്തും. വിശദവിവരങ്ങൾക്ക്: www.rcctvm.gov.in.

## അപേക്ഷ ക്ഷണിച്ചു

അസാപ് കേരളയുടെ കഴക്കൂട്ടം കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ പ്രവർത്തിക്കുന്ന AR/VR സെന്റർ ഓഫ് എക്സലൻസിൽ വെർച്വൽ റിയാലിറ്റി ഡെവലപ്പർ വിത്ത് യൂണിറ്റി, ഗെയിം ഡെവലപ്പ്മെന്റ് യൂസിങ് അൺറിയൽ എഞ്ചിൻ എന്നീ കോഴ്സുകളിൽ പരിശീലനം ആരംഭിക്കുന്നു. അപേക്ഷിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 30. കൂടുതൽ വിവരങ്ങൾക്ക്: 9495999693,9633665843.

# ബിഹാർ എൻഡിഎയിൽ ഭിന്നത രൂക്ഷം; നിതീഷിനെ ബാധ്യതയായാണ് ബിജെപി കാണുന്നത്: മല്ലികാർജുൻ ഖാർഗെ

പാറ്റ്ന: ബിഹാറിൽ ഇന്ത്യ മുന്നണിക്ക് അനുകൂലമായ സാഹചര്യമാണെന്ന് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. എൻഡിഎയിൽ ഭിന്നത രൂക്ഷമാണെന്നും ഖാർഗെ പറഞ്ഞു. മുഖ്യമന്ത്രി നിതീഷ് കുമാറിനെ ബാധ്യതയായി കാണുന്ന ബിജെപി തെരഞ്ഞെടുപ്പിന് ശേഷം അദ്ദേഹത്തെ മാറ്റിനിർത്തുമെന്നും പറഞ്ഞു.

പാറ്റ്നയിൽ ചേർന്ന കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി യോഗത്തിന് ശേഷം മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു മല്ലികാർജുൻ ഖാർഗെ. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, ട്രഷറർ അജയ് മാക്കൻ, ദേശീയ ജനറൽ സെക്രട്ടറിമാരായ കെ.സി. വേണുഗോപാൽ, ജയ്റാം രമേഷ്, സച്ചിൻ പൈലറ്റ്, സംസ്ഥാന അധ്യക്ഷൻ രാജേഷ് കുമാർ തുടങ്ങിയവരാണ് യോഗത്തിൽ പങ്കെടുത്തത്. 'നിയമസഭ തെരഞ്ഞെടുപ്പിൽ ഇന്ത്യ സഖ്യം വൻ വിജയം നേടും. എൻഡിഎ സർക്കാരിനെതിരെ ജനരോക്ഷമുണ്ട്. സംസ്ഥാനത്തെ എല്ലാ മേഖലയേയും തകർത്ത സർക്കാരിനെതിരെ വിധിയെഴുതാൻ ജനങ്ങൾ കാത്തിരിക്കുകയാണ്. ജനങ്ങൾ രാഹുൽ ഗാന്ധിക്കൊപ്പമാണ്.'-കോൺഗ്രസ് ദേശീയ അധ്യക്ഷൻ പറഞ്ഞു. 'സംസ്ഥാനത്തെ 80 ശതമാനം ജനങ്ങളും ഒബിസി, ഇബിസി, എസ്സി/എസ്ടി വിഭാഗങ്ങളിൽ നിന്നുള്ളവരാണ്. ജാതി സെൻസസ് നടത്തണമെന്നാണ് അവർ ആഗ്രഹിക്കുന്നത്. കോൺസ് പാർട്ടിയാണ് അവകരുടെ ആവശ്യത്തിനൊപ്പം നിൽക്കുന്നത്. ഇതും ഇന്ത്യ സഖ്യത്തിന് അനുകൂലമാണ്.'-മല്ലികാർജുൻ ഖാർഗെ അവകാശപ്പെട്ടു.

# സ്ഥലക്കച്ചവടത്തിൻെറ പേരിൽ തട്ടിപ്പ്; വ്യാജ നോട്ടുകൾ നൽകിയ പ്രതിയെ പിടികൂടി

മൂവാറ്റുപുഴ: സ്ഥലക്കച്ചവടത്തിന് പരസ്യം നൽകുന്നവരെ ബ്രോക്കർ എന്ന വ്യാജേന ബന്ധപ്പെട്ട് തട്ടിപ്പ് നടത്തുന്ന പ്രതിയെ പിടികൂടി. തിരുവനന്തപുരം ചിറയിൻകീഴ് സ്വദേശിയായ സജിത് കുമാറാണ് പിടിയിലായത്. പണം നഷ്ടപ്പെട്ട മൂവാറ്റുപുഴ സ്വദേശിയുടെ പരാതിയെത്തുടർന്നായിരുന്നു പോലീസ് അന്വേഷണം.

സ്ഥലക്കച്ചവടത്തിന് പരസ്യം നൽകുന്നവരെ ഫോണിൽ വിളിച്ച് സൗഹൃദം സ്ഥാപിച്ച് വിശ്വാസം നേടുകയാണ് സജിത്തും കൂട്ടാളി മണിയും ആദ്യം ചെയ്യുന്നത്. പണത്തിന് അത്യാവശ്യമുള്ളവരെന്ന് മനസിലാക്കിയാൽ വെളുപ്പിക്കാനുള്ള കള്ളപ്പണം കൈവശമുള്ളവരെ അറിയാമെന്ന് പറഞ്ഞ് തട്ടിപ്പിന് തുടക്കമിടും. 15 ശതമാനം കമ്മീഷനാണ് ഇവർ ആവശ്യപ്പെടുന്നത്.

വ്യാജ നോട്ടുകെട്ടുകൾക്കിടയിൽ കുറച്ച് യഥാർഥ നോട്ടുകൾ വച്ചാണ് തട്ടിപ്പ് നടത്തുന്നത്. തട്ടിപ്പിനായി ഉപയോഗിക്കുന്നത് സിനിമകളിൽ ഉപയോഗിക്കുന്ന കറൻസിയുടെ മാതൃകയാണ്. സജിത്തിൻറെ നിർദേശപ്രകാരം കമ്മീഷനായി 15 ലക്ഷം രൂപ മൂവാറ്റുപുഴ സ്വദേശി കൈമാറി. തിരികെ ലഭിച്ചത് 85 ലക്ഷം രൂപയുടെ വ്യാജ കറൻസികളാണ്. ചതി മനസിലാക്കിയ മൂവാറ്റുപുഴ സ്വദേശി ഉടൻ തന്നെ പോലീസിൽ പരാതി നൽകുകയായിരന്നു.

മണിയും സജിത്തും ബന്ധപ്പെട്ട ഫോൺ നമ്പറുകൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് കോട്ടയം വാഴൂർ സ്വദേശിയായ മണി ആദ്യം പിടിയിലായത്. ഇയാളിൽ നിന്ന് ലഭിച്ച വിവരത്തിൻറെ അടിസ്ഥാനത്തിലാണ് ഒളിവിൽ കഴിഞ്ഞിരുന്ന സജിത്തിനെ മൂവാറ്റുപുഴ എസ്എച്ച്.യുടെ നേതൃത്വത്തിലുള്ള സംഘം തിരുവനന്തപുരത്തുനിന്ന് കസ്റ്റഡിയിലെടുത്തത്. സജിത്തിനെതിരെ വിവിധ സ്റ്റേഷനുകളിൽ നിരവധി കേസുകൾ വേറെയുമുണ്ട്.

## ശൈശവ വിവാഹം; കേസെടുക്കാതിരിക്കാൻ കൈക്കൂലി ആവശ്യപ്പെട്ട വനിതാ ഇൻസ്പെക്ടർ പിടിയിൽ

ചെന്നൈ: ശൈശവ വിവാഹത്തിന് കേസെടുക്കാതിരിക്കാൻ 50,000 രൂപ കൈക്കൂലി ആവശ്യപ്പെട്ട വനിതാ പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടറെ പിടികൂടി. പാലക്കോട് വനിതാ പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടർ വീരമ്മാളിനെയാണ് വിജിലൻസ് അറസ്റ്റ് ചെയ്തത്. കരിമംഗലം തുമ്പലഹള്ളി സ്വദേശിയുടെ പരാതിയിലാണ് നടപടി. പരാതിക്കാരിയുടെ 16 വയസുള്ള മകൾ മേയിൽ സ്വന്തം ഇഷ്ടപ്രകാരം അതേ ഗ്രാമത്തിലെ യുവാവിനെ വിവാഹം കഴിച്ചിരുന്നു. യുവതി നാലു മാസം ഗർഭിണിയായതോടെ സമീപമുള്ള സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചതിനെതുടർന്ന് വിവരം സാമൂഹികക്ഷേമ വകുപ്പിനെ അറിയിച്ചു. പ്രായപൂർത്തിയാകാത്ത കുട്ടിയുടെ ഗർഭത്തെക്കുറിച്ച് സാമൂഹികക്ഷേമ ഓഫീസർ ഇൻസ്പെക്ടർ വീരമ്മാളിനെ അറിയിച്ചു.

തുടർന്ന് വീരമ്മാൾ ഇരുകുടുംബങ്ങളെയും വിളിപ്പിക്കുകയും ശൈശവ വിവാഹത്തിന് കേസെടുക്കാതിരിക്കാൻ 50,000 രൂപ കൈക്കൂലി ആവശ്യപ്പെടുകയും ചെയ്തു. ഇതോടെ പരാതിക്കാരി ഡയറക്ടറേറ്റ് ഓഫ് വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ ഡിഎസ്പി നാഗരാജുവിനെ സമീപിച്ചു. അദ്ദേഹത്തിൻറെ നിർദേശപ്രകാരം പദ്ധതി തയാറാക്കി വീരമ്മാളിനെ തെളിവുസഹിതം പിടികൂടുകയായിരുന്നു. തുടർന്ന് വീരമ്മാളിൻറെ അറസ്റ്റ് രേഖപ്പെടുത്തി റിമാൻഡ് ചെയ്തു.

## കാറിടിച്ച് ഓട്ടോയിലുണ്ടായിരുന്ന വിദ്യാർഥികൾക്ക് പരിക്ക്; ഓട്ടോ ഡ്രൈവർ ജീവനൊടുക്കി

കാസർഗോഡ്: കാർ ഓട്ടോറിക്ഷയ്ക്ക് പിന്നിലിടിച്ച് ഓട്ടോയിലുണ്ടായിരുന്ന വിദ്യാർഥികൾക്ക് പരിക്കേറ്റതിനു പിന്നാലെ ഓട്ടോഡ്രൈവർ ജീവനൊടുക്കി. പള്ളഞ്ചിയിലെ അനീഷാണ് (43) ജീവനൊടുക്കിയത്. ചൊവ്വാഴ്ച വൈകുന്നേരമായിരുന്നു അപകടം. ബേത്തൂർപാറയിൽനിന്ന് പള്ളഞ്ചിയിലേക്ക് പോവുകയായിരുന്ന ഓട്ടോയ്ക്ക് പിറകിലാണ് നിയന്ത്രണം വിട്ടവന്ന കാർ ഇടിച്ചത്. ഓട്ടോയിലുണ്ടായിരുന്ന ബേത്തൂർ പാറ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ മൂന്ന് പ്ലസ് വൺ വിദ്യാർഥികൾക്കായിരുന്നു പരിക്കേറ്റത്. അപകടം നടന്ന ഉടൻ പള്ളഞ്ചിയിലെത്തിയ അനീഷ് ആളൊഴിഞ്ഞ പ്രദേശത്ത് വച്ച് ആസിഡ് കുടിക്കുകയായിരുന്നു.

## മാസ്റ്റർ ഓഫ് ഫിസിയോതെറാപ്പി : വ്യക്തിഗത അക്കാദമിക വിവരങ്ങൾ പ്രസിദ്ധീകരിച്ചു

കേരള സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് പ്രകാരം 2025 അദ്ധ്യയന വർഷത്തെ മാസ്റ്റർ ഓഫ് ഫിസിയോതെറാപ്പി അപേക്ഷിച്ചവരുടെ പ്രാഥമിക പരിശോധനയ്ക്കു ശേഷമുള്ള സ്വീകാര്യമായ വ്യക്തിഗത അക്കാദമിക വിവരങ്ങൾ www.lbscentre. kerala. gov.in ൽ പ്രസിദ്ധീകരിച്ചു.

അപേക്ഷാർത്ഥികൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഇവ പരിശോധിക്കണം. ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 26ന് വൈകിട്ട് 5 വരെയാണ്. പുതിയ ക്ലെയിമുകൾ അവകാശവാദങ്ങൾ നൽകാൻ സാധിക്കില്ല. വിവരങ്ങൾ പരിശോധിച്ച് വരുത്തേണ്ട മാറ്റങ്ങൾ ഉണ്ടെങ്കിൽ അത് വരുത്താത്തതും ആവശ്യപ്പെട്ടിട്ടുള്ള സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യാത്തതും കാരണമുള്ള അനന്തരഫലങ്ങൾക്കു അപേക്ഷാർത്ഥികൾ തന്നെയാകും ഉത്തരവാദി. ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ അപ്‌ലോഡ് ചെയ്യാത്തവരുടെ ക്ലെയിം/അപേക്ഷ നിരസിക്കം. കൂടുതൽ വിവരങ്ങൾക്ക്: 0471 2560361, 362, 363, 364.

## ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ

ആറ്റിങ്ങൽ എൻജിനിയറിംഗ് കോളേജിൽ ലക്ചറർ ഇൻ ഫിസിക്കൽ എഡ്യൂക്കേഷനിൽ താത്ക്കാലിക ഒഴിവുണ്ട്. ഫിസിക്കൽ എഡ്യൂക്കേഷൻ പിജിയിൽ സെക്കന്റ് ക്ലാസാണ് അടിസ്ഥാന യോഗ്യത. ഉദ്യോഗാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 29 ന് രാവിലെ 10ന് പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകണം, വിശദവിവരങ്ങൾക്ക്: 0470 2627400.

## കെ.ജെ. ഷൈനിനെതിരായ അപവാദ പ്രചാരണം; ചാവക്കാട്ടെ കോൺഗ്രസ് നേതാവിനെതിരെ കേസെടുത്തു

തൃശൂർ: സിപിഎം നേതാവ് കെ.ജെ. ഷൈനിനെതിരായ അപവാദ പ്രചാരണത്തിൽ ചാവക്കാട്ടെ കോൺഗ്രസ് നേതാവിനെതിരെ കേസെടുത്ത് പോലീസ്. ചാവക്കാട് നഗരസഭ കൗൺസിലറായ കെവി സത്താറിനെതിരെയാണ് പോലീസ് കേസെടുത്തത്.

സിപിഎം ചാവക്കാട് ലോക്കൽകമ്മിറ്റി സെക്രട്ടറി പി.എസ്. അശോകനും മഹിളാ അസോസിയേഷൻ ചാവക്കാട് മേഖല സെക്രട്ടറി എം.ബി. രാജലക്ഷ്മിയും നൽകിയ പരാതിയിലാണ് കേസ്. സംഭവത്തിൽ ചാവക്കാട് പോലീസ് അന്വേഷണം ആരംഭിച്ചു.

അതേസമയം, ഷൈനിനെതിരായ സൈബർ ആക്രമണക്കേസിൽ കെ.എം. ഷാജഹാൻ ചോദ്യം ചെയ്യലിന് ഹാജരായി. എറണാകുളം റൂറൽ സൈബർ പോലീസ് കെ.എം. ഷാജഹാനെ ചോദ്യം ചെയ്യുകയാണ്. പോലീസ് സംരക്ഷണത്തിലാണ് കെ.എം. ഷാജഹാൻ ചോദ്യം ചെയ്യലിന് എത്തിയത്.

## മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്

എട്ടാം ക്ലാസ് വിദ്യാർഥികൾക്കുള്ള 2025-26 അധ്യയന വർഷത്തെ നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷാ വിജ്ഞാപനം http://pareekshabhavan.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. ഒക്ടോബർ 13 മുതൽ അപേക്ഷ സമർപ്പിക്കാം. http://nmmse.kerala.gov.in മുഖേന ഓൺലൈനായി ഒക്ടോബർ 27 നകം അപേക്ഷ സമർപ്പിക്കണം.

## ആഗോള അയ്യപ്പ സംഗമം നടന്നത് വിശ്വാസികൾക്ക് വേണ്ടി, സർക്കാരിനെ വിശ്വസിക്കുന്നു: സുകുമാരൻ നായർ

കോട്ടയം: ആഗോള അയ്യപ്പ സംഗമം നടത്തിയ എൽഡിഎഫ് സർക്കാരിനെ പൂർണമായും വിശ്വസിക്കുന്നുവെന്ന് എൻഎസ്എസ് ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ. വിശ്വാസ പ്രശ്നത്തിലെ നിലപാട് മാറ്റം സ്വാഗതാർഹമാണ്. സർക്കാരിന് മാത്രമാണ് ശബരിമല വിഷയത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുകയെന്നും ആഗോള അയ്യപ്പ സംഗമം നടന്നത് വിശ്വാസികൾക്ക് വേണ്ടിയാണെന്നും സുകുമാരൻ നായർ കൂട്ടിച്ചേർത്തു.

സർക്കാരിന് വേണമെങ്കിൽ യുവതികളെ ശബരിമലയിൽ പ്രവേശിപ്പിക്കാം, അത് ചെയ്തില്ലല്ലോ എന്ന് അദ്ദേഹം ചോദിച്ചു. സ്ത്രീപ്രവേശനം മാത്രമല്ല, പല ആചാരങ്ങളും നിലനിർത്തി പോകണം, അതാണ് എൻഎസ്എസിൻറെ ആവശ്യമെന്നും സുകുമാരൻ നായർ വ്യക്തമാക്കി. വിശ്വാസപ്രശ്നത്തിൽ കോൺഗ്രസിൻറേത് കള്ളക്കളിയാണ്. കോൺഗ്രസിന് ഉറച്ച നിലപാടില്ല, ഭൂരിപക്ഷ സമുദായത്തെ പരിഗണിക്കുന്നുമില്ല. ബിജെപിയാകട്ടെ ഒന്നും ചെയ്യുന്നില്ല. കേന്ദ്ര സർക്കാർ വിശ്വാസികൾക്കായി ഒന്നും ചെയ്തില്ല. നിയമം കൊണ്ടുവരുമെന്ന ഉറപ്പ് കേന്ദ്രം പാലിച്ചില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ബദൽ അയ്യപ്പ സംഗമത്തിൽ എൻഎസ്എസ് പ്രതിനിധിയെ അയക്കാത്തതിനെ കുറിച്ചും സുകുമാരൻ നായർ പ്രതികരിച്ചു. എത്രപേർ പങ്കെടുത്തു എന്നതിലല്ല കാര്യം. ഒരു അയ്യപ്പ സംഗമം പമ്പയിൽ വച്ചും മറ്റൊന്ന് പന്തളത്ത് വച്ചുമാണ് നടന്നത്. ആ വ്യത്യാസം രണ്ട് സംഗമങ്ങൾക്കുണ്ടെന്നും സുകുമാരൻ നായർ കൂട്ടിച്ചേർത്തു.